Vol. 18. No. 1.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസ പത്രിക.

January 1920.

# വിഷയ വിവരണിക.


പങ്ക്തം.

1. മംഗളം. 3
ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള അ-ർ,
2. നവവത്സരദിനം. 3
ശ്രീമാൻ കെ. പി. പീററർ ,,
3. ദൈവാജ്ഞപ്രകാരം സ്ഥാപിക്കപ്പെട്ട മതം. 4
റവ. ഫാദർ റൊസെമാസ് സി. ഡി. ,,
4. സംഭാഷണം. 7
ദിവ്യശ്രീ എം. പി. മാണിക്കത്തനാർ ,,
5. ശ്രീയേശുവിജയം (മലയാളമഹാകാവ്യം.) 9
ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻമാപ്പിള ,,
6. ഒരു പ്രോട്ടസ്റ്റൻറുബാലികയുടെ ദിവ്യകാരുണ്യസന്ദർശനം. 10
റവ. ഫാദർ മർസലീൻ സി. ഡി. ,,
7. ചില സംഗതികളുടെ സംക്ഷേപചരിത്രം. 13
റവ. ഫാദർ ഗ്രിഗരി സി. ഡി. ,,
8. കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. 16
റവ. ഫാദർ സൈമൺ സി. ഡി. ,,
9. വി. അന്തോനീസിന്റെ മാദ്ധ്യസ്ഥ്യഫലങ്ങൾ. 18
10. കാലം ചെയ്ത രണ്ടു മെത്രാന്മാർ. 19
11. തിരുസ്സഭയുടെ പൊതുനിയോഗം. 21
12. ലോകവർത്തമാനച്ചുരുക്കം. 21
13. മകരമാസത്തിൽ കഴിക്കേണ്ട ഒരു പുതിയ ജപം. 1
റവ. ഫാദർ അലക്സാണ്ടർ സി. ഡി. ,,
14. പഞ്ചാംഗം. 23
15. പരസ്യങ്ങൾ.


## പരസ്യം.

ഞങ്ങളുടെ മാന്യവരിക്കാർ മാസിക സംബന്ധമായി എഴുത്തുകൾ അയക്കുമ്പോൾ അവരവരുടെ മേൽവിലാസത്തോടുകൂടി ചേർത്തിരിക്കുന്ന പേരേട്ടു നമ്പർ പ്രത്യേകം കാണിക്കേണ്ടിയിരിക്കുന്നു. നമ്പരുകൾ ചേർക്കാതെയോ പിശകായി മററു നമ്പരുകൾ ചേർത്തോ അയക്കുന്ന എഴുത്തുകൾക്കു യഥാകാലം മറുപടി കിട്ടാതെ വന്നേക്കാവുന്നതാണ്.

എന്ന് മാനേജർ.

## പ്രതിവൎഷം ജനുവരി ൧൮-ാംനു- വിശുദ്ധ പത്രോസിൻെറ സിംഹാസനത്തിരുനാൾ മുതൽ ജനുവരി ൨൫-ാംനു- വി. പൗലോസിൻെറ മാനസാന്തരത്തിരുനാൾവരെ ചൊല്ലേണ്ട ജപം.

"പിതാവേ! നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരെല്ലാവരും ഒന്നായിരിക്കട്ടെ; അവരും നമ്മിൽ ഒന്നായിരിക്കട്ടെ; നീ എന്നെ അയച്ചു എന്നു ലോകം വിശ്വസിക്കട്ടെ" (വി. യോഹന്നാൻ. ൧൭. ൨൧.)

മൃ. "നിന്നോടു ഞാൻ പറയുന്നു: നീ കല്ലാകുന്നു;

സ. "ഈ കല്ലിന്മേൽ എൻെറ പള്ളിയെ ഞാൻ പണിയും" (വി. മത്താ. ൧൬. ൧൮)

പ്രാൎത്ഥിക്ക,

എൻെറ സമാധാനം നിങ്ങളോടുകൂടെ ഞാൻ വെച്ചേച്ചുപോകുന്നു എന്നും, എൻെറ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു എന്നും നിൻെറ ശിഷ്യരോട് അരുളിച്ചെയ്ത ഈശോ മ്ശിഹാ കൎത്താവേ! നീ ഞങ്ങളുടെ പാപങ്ങളെ നോക്കാതെ, നിൻെറ സഭയുടെ വിശ്വാസത്തെ നീ തൃക്കൺപാൎക്കേണമെ. സദാകാലം ജീവിച്ചുവാഴുന്ന ദൈവമേ! നിൻെറ തിരുമനസ്സിന്ന് ഇഷ്ടമുള്ളതായ സമാധാനവും ഐക്യതയും തിരുസഭയ്ക്കു കൊടുത്തരുളേണമെ.

ആമ്മേൻ.

ജ്ഞാപനം— ഈ ജപം ൧൯൦൯-ൽ ൧൦-ാം പീയൂസ് മാൎപ്പാപ്പാ അംഗീകരിച്ചതും ആശീൎവ്വദിച്ചതുമാകുന്നു. ൧൫-ാം ബനദിക്തോസു മാൎപ്പാപ്പാ തിരുമനസ്സുകൊണ്ടു് ൧൯൧൬ ഫെബ്രുവരി ൨൫-ാം തിയ്യതിയിലെ തിരുവെഴുത്തുമൂലം ഈ ജപം തിരുസഭയിലെങ്ങും പ്രസിദ്ധപ്പെടുത്തുകയും, ഈ ജപം ചൊല്ലുവാൻ കല്പിക്കപ്പെട്ടിരിക്കുന്ന എട്ടു ദിവസങ്ങളിൽ ഏതെങ്കിലും ഒരു ദിവസം വിശുദ്ധ കുൎബ്ബാന കൈക്കൊണ്ടു മുറപ്രകാരം പ്രാൎത്ഥിക്കുന്നവൎക്കു പൂൎണ്ണദണ്ഡവിമോചനവും, ജപത്തിൻെറ ഓരോ ദിവസങ്ങളിൽ ൨൦൦ ദിവസത്തെ ദണ്ഡവിമോചനവും നൽകുകയും ചെയ്തിട്ടുണ്ടു്.

ജപത്തിൻെറ ദിവസങ്ങളിൽ പാടുണ്ടെങ്കിൽ വിശുദ്ധ കുൎബ്ബാന കൈക്കൊൾകയും, കൊന്തനമസ്കാരത്തിൻെറ അഞ്ചിലൊരു ഭാഗം അഥവാ ഒരു ദശകം എത്തിച്ചു താഴെവരുന്ന പ്രത്യേക നിയോഗങ്ങൾക്കായി ഓരോ ദിവസം കാഴ്ചവെക്കയും ചെയ്താൽ കൊള്ളാം.

### ജപത്തിൻെറ എട്ടുദിവസങ്ങൾക്കുള്ള പ്രത്യേക നിയോഗങ്ങൾ.

ജനുവരി ൧൮. വിശുദ്ധ പത്രോസിൻെറ സിംഹാസനത്തിരുനാളിൽ ഏക ഇടയനായ പത്രോസിൻെറ തൊഴുത്തിലേക്കു 'മററു ആടുകൾ' ഒക്കെയും പിന്തിരിവാൻ അപേക്ഷിക്ക.

ജനുവരി ൧൯ — ഭിന്നിച്ചു നിൽക്കുന്ന കിഴക്കൻസഭക്കാർ ഒക്കെയും തിരുസിംഹാസനത്തിൻെറ ഐക്യതയിലേക്കു പിന്തിരിവാൻ.

൨൦.— ആംഗ്ലേയസഭക്കാർ എല്ലാവരും മ്ശിഹായുടെ പ്രതിപുരുഷൻെറ ആജ്ഞയെ അനുസരിപ്പാൻ.

൨൧.— ലൂത്തർ മതക്കാരും യൂറോപ്പുഖണ്ഡത്തിലുള്ള സകലവിധ പ്രോട്ടസ്ററൻറു കക്ഷിക്കാരും തിരുസഭയിലേക്കു പിന്തിരിവാൻ.

൨൨.— അമ്മേരിക്കയിലെ സകല ക്രിസ്തീയ വകുപ്പുകളും പത്രോസിൻെറ സിംഹാസനത്തോടുള്ള ഐക്യത പ്രാപിപ്പാൻ.

൨൩.— വഴിതെററിയ കത്തോലിക്കർ വിശുദ്ധ കൂദാശയ്ക്കു അണവാൻ.

൨൪.— യൂദന്മാർ മനസ്സുതിരിവാൻ.

൨൫.— വിശുദ്ധ പൌലോസിൻെറ മാനസാന്തരത്തിരുനാളിൽ, മിഷ്യനറിമാരുടെ വേലകൊണ്ടു ലോകം മുഴുവനും മ്ശിഹായ്ക്കു അധീനമാകുവാൻവേണ്ടി അപേക്ഷിക്ക.

ഫാദർ അലക്സാണ്ഡർ സി. ഡി.



കാലംചെയ്ത നി. വ. ദിവ്യശ്രീ പഴേപറമ്പിൽ മാർ ളൂയീസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്.

DHARMARAM COLLEGE LIBRARY, BANGALORE.
15616

# കർമ്മലകുസുമം.

പുസ്തകം ൧൫. ൧൯൨൦ ജനുവരി ലക്കം ൧

## മംഗളം.

പാപക്രൂരിരുളാക്രമിച്ചവനിയിൽപ്പാടേപരന്നുള്ളതാ-
മാപത്തൻപൊടകററി ദിവ്യവെളിവെല്ലാവൎക്കുമേകീടുവാൻ
താപത്തോടു പശ്ശുത്തൊഴുത്തിലുദയം കൈക്കൊണ്ട ശീതത്തിനാൽ
വേപത്താമുടൽചേൎന്നയേശുവിനെഴും കാൽത്താരെനിക്കാശ്രയം.

കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള.

## നവവത്സരദിനം.

ദിനമേ! വിജയിക്ക, നീ ജഗത്തിൻ
സുകൃതം പെററൊരു വന്ദ്യമാതൃവല്ലോ;
അഴലാകെയൊളിപ്പു, ഭൂമുഖം പു-
ഞ്ചിരികൊള്ളുന്നു തവോദയത്തിലമ്മേ!

2.

പ്രണയത്തികവാൎന്ന നീ മനോജ്ഞേ!
തനയന്മാരെ വിളിച്ചുകൊണ്ടു മന്ദം,
വരുമാവരമെത്ര രമ്യമമ്മേ!
പുണരട്ടേ തവപുണ്യമേനിഞങ്ങൾ.

3.

ക്ഷമ വിട്ടു മനുഷ്യരങ്ങുമിങ്ങും
പടവെട്ടുന്നു, നിണം ചൊരിഞ്ഞിടുന്നു;
കടൽകോപമിയന്നു കപ്പൽമുക്കി-
ത്തവിടാക്കുന്നു, മരിച്ചിടുന്നു മൎത്ത്യർ.

4.

കടുമാരിപടൎന്നു നാട്ടുകാരെ-
ക്കൊലചെയ്യുന്നു, വിറച്ചിടുന്നു ലോകം;
ഗദമാൎന്നവർ കയ്യുപൊക്കി, ബാഷ്പ-
ക്കടലിൽക്കണ്ണുകൾ മുക്കിടുന്നു കഷ്ടം!

5.

ചിലനാടുകൾ ഭൂകുലുക്കമദ്ധ്യേ
ജലധിക്കുള്ളിൽ മറഞ്ഞു മാഞ്ഞിടുന്നു;
വിവരിക്കുക വയ്യ, മാനുഷന്മാ-
ൎക്കുളവാം സങ്കട,മൊററയൊററയായി.

6.

ഇവയൊക്കെയിരിക്കിലും നരന്മാർ
നവവൎഷോത്സവനാളു വന്നിടുമ്പോൾ,
രുജയും പകയും മറന്നു,മോദാ-
ബ്ധിവമദ്ധ്യത്തിലിറങ്ങി നീന്തിടുന്നു.

7.

പുതുവൎഷദിനം മനോഭിരാമം,
കുയിലും ദൈവമഹത്വമാലപിപ്പൂ!
രവിബിംബമുദിച്ചു, 'സ്വസ്തി നിങ്ങൾ-
ക്കി'തി,യാശിസ്സു പൊഴിച്ചിടുന്നുമോദാൽ

8.

കുടിൽകോവിലകങ്ങൾതൊട്ടു, നാനാ-
ദിശി, സന്തോഷരവങ്ങൾ പൊങ്ങിടുന്നു;
ദിനമേ! തവ ദിവ്യശക്തി വാഴ്ത്താൻ
രസനാഗ്രത്തിനു മൂൎച്ചപോരതെല്ലും.

9.
ഇരുൾമൂടി മറഞ്ഞു ലോകരംഗം
പരിതാപസ്ഥിതിപൂണ്ടിരുന്നു പണ്ട്;
ഒരു ഭാസ്കരനുത്ഭവിച്ചു, പൂർക്കു-
ടതുമാശ്ശും പുതുരശ്മിതൂകി പിന്നെ.

10.
ഭുവനത്തിനുവെട്ടമായി, മർത്ത്യൻ
നെട്ടതാം വീഴ്ചകഴിച്ചു, ജീവനേററു;
പൊലിയല്ലിതു സത്യ,മെന്നുകാട്ടും
ദിനമേ! ഞങ്ങൾ തൊഴട്ടെ നിന്നെമേലും.

11.
മതിശുദ്ധമതയാൻ ഞങ്ങളല്ലോ!
പിഴയോരൊന്നിഹ ചെയ്തുപോയിതായേ!
ഇനിമേലൊരു നവ്യജീവിതം കൊ-
ണ്ടുയരാൻ ഞങ്ങൾ പണിപ്പെട്ടുന്നതത്രേ.

12.
മണ്ണിൽവന്നിവരെ വീണ്ടുകൊള്ളുവാ-
നുണ്ണിയായവതരിച്ച ദൈവമേ!
വിണ്ണിൽ നിത്യപദമെത്തുവാൻ, മിനി-
റെറണ്ണി വാഴ, മിവരെത്തുണക്കണേ.

കെ. പി. പീററർ.

## ദൈവാജ്ഞപ്രകാരം സ്ഥാപിക്കപ്പെട്ട മതം.

ദൈവം സകല വസ്തുക്കളുടെയും മനുഷ്യരുടെയും പരമനാഥനും യജമാനനുമായിരിക്കുന്നതിനാൽ, അങ്ങുന്ന് ആജ്ഞാപിക്കുന്ന വിധത്തിൽ അങ്ങേ ആരാധിപ്പാനും ബഹുമാനിപ്പാനും സകല മനുഷ്യക്കും ചുമതലയുണ്ട്. സ്വഭാവപ്രമാണത്തെ കുറേക്കൂടെ വ്യക്തമാക്കിക്കൊണ്ട്, സകല മനുഷ്യരും ഏതുവിധം ദൈവത്തെ ആരാധിച്ച് അങ്ങേക്കു ശുശ്രൂഷ ചെയ്യണമെന്ന് അങ്ങുന്നു മനുഷ്യക്കു വെളിപ്പെടുത്തുവാൻ പാടുണ്ട്. മാത്രമല്ല, അജ്ഞന്മാരും തിന്മയിലേക്കു ആകഷ്ണമുള്ളവരുമായ മനുഷ്യകുലത്തിൻെറ ഗണ്യമായ ഭാഗത്തിനു ദൈവേഷ്ടമനുസരിച്ചു ജീവിതത്തെ ക്രമികരിക്കുന്നതിനു ദൈവവെളിപാടു വലിയ സഹായമായിരിക്കുന്നതിനാൽ, കരുണയുള്ള ദൈവം അങ്ങനെ ചെയ്തിട്ടുണ്ടായിരിക്കുമെന്നു വിചാരിക്കുന്നതിനു ന്യായമുണ്ട്. ആകയാൽ ദൈവവെളിപാടിൻെറ സാംഭവ്യത്തെപ്പററി സംശയിക്കുന്നവക്കു, അതു യഥാർത്ഥത്തിൽ നൽകപ്പെട്ടിട്ടുണ്ടോയെന്നു അന്വേഷിക്കുന്നതിനും, ദൈവവെളിപാടിനെ കണ്ടെത്തുന്നപക്ഷം അതിനെ സ്വീകരിച്ചു അതിൻെറ വിധികൾക്കു യോജിക്കുന്നവിധത്തിൽ ജീവിതം ക്രമീകരിക്കുന്നതിനും ചുമതലയുണ്ട്.

൨. സകല മനുഷ്യരും സ്വീകരിക്കേണ്ട ആരാധനക്രമവും വിശ്വസിക്കേണ്ട സത്യങ്ങളും മനുഷ്യക്കു വെളിപ്പെടുത്തുന്നതിനു വാസ്തവത്തിൽ ദൈവം തിരുമനസ്സായി എന്നതു ൧൯ ശതകങ്ങൾക്കു മുമ്പു ലോകത്തിൽ സംഭവിച്ച ചരിത്രപ്രസിദ്ധമായ കാര്യങ്ങളിൽ നിന്നു വിശദമാകുന്നു. ഒരു പ്രത്യേക സ്ഥാനപതി വഴിയായിട്ടാണു ദൈവം ഈ വെളിപാടു ലോകത്തിനു നൽകിയതു്. ബഹുമാനപ്രിയവും അധികാരേശ്വയ്യവും നിമിത്തം, ദൈവസ്ഥാനപതികളും ദൈവാധികാരത്താൽ മനുഷ്യരെ പഠിപ്പിക്കുന്നതിനു നിയുക്തരുമാണെന്ന് ഘോഷിച്ചുകൊണ്ടു മനുഷ്യരെ ചതിക്കുന്നതിനു തുനിയുന്ന വഞ്ചകന്മാരിൽ നിന്നു, സാക്ഷാൽ ദൈവികസ്ഥാനപതിയെ മനുഷ്യർ തിരിച്ചറിഞ്ഞു് അദ്ദേഹത്തെ സ്വീകരിക്കുന്നതിനായി, അദ്ദേഹത്തിൻെറ വംശം, ജനനസ്ഥലം, കാലം, പ്രധാനകൃത്യങ്ങൾ, മരണം എന്നിവയെ സംബന്ധിച്ചുള്ള അനേക സാഹചര്യങ്ങൾ, അദ്ദേഹത്തിൻെറ ജനനത്തിനു അനേകശതകങ്ങൾക്കു മുമ്പു പലേ കാലങ്ങളിലായി ജീവിച്ചിരുന്ന ദൈവികമനുഷ്യക്കു ദൈവം വെളിപ്പെടുത്തുകയും ഇവയെല്ലാം അവർ സമകാലീനന്മാരോടു അറിയിക്കയും, പിന്നീടു വരുന്നവരുടെ ഉപയോഗത്തിനായി ദൈവാജ്ഞപ്രകാരം ഗ്രന്ഥങ്ങളിൽ രേഖപ്പെ

ടുത്തുകയും ചെയ്യു. ക്രിസ്ത്വാബ്ദത്തിനു ൫ ശതകങ്ങൾക്കു മുമ്പു എഴുതപ്പെട്ടതും ഇപ്പോഴും നമുക്കു പാരായണം ചെയ്യുന്നതിനു സാധിക്കുന്നതുമായ ടി. ഗ്രന്ഥങ്ങളിൽ:

a) ദൈവം ആദ്യമാതാപിതാക്കൾക്കു ഒരു രക്ഷകനെ വാഗ്ദാനം ചെയ്യു; (Moyses B. C. 1320 in gen. III; 15) അദ്ദേഹം അബ്രാഹത്തിന്റെ സന്തതിയിൽ (Gen. XII; 3 ) യൂദായുടെ ഗോത്രത്തിൽ ഉൾപ്പെട്ട ദാവീദു രാജാവിന്റെ വംശത്തിലുള്ള (Ieremias: B. C. 639. 586: XXII; 5: XXIII; 14- 18. etc.), ഒരു കന്യകയിൽനിന്നു (Isaias B. C. 755. 712. VII; 14); b) യൂദായുടെ വംശപരമ്പരയിൽനിന്നു രാജാധികാരം എടുക്കപ്പെടുന്ന കാലത്തു (Gen. XLIX; 10) പേഷ്യാ ചക്രവത്തിയായ സൈറസിന്റെ സമകാലീനനായ ദാനിയേലിന്റെ പ്രവചനത്തിന്റെ ശേഷം 490 കൊല്ലങ്ങൾ കഴിയുമ്പോൾ (Daniel. IX; 24-27) ; c.) യൂദയാരാജ്യത്തിൽ ബേസ്ലഹം നഗരിയിൽ (Michaeas B. C. 745- 720; V, 2- 3.) പിറക്കും; d) അദ്ദേഹം ദൈവപുത്രനെന്നു വിളിക്കപ്പെടും (Ps. II; 7). e) കുരുടന്മാക്കു കാഴ്ചയും, ചെകിടക്കു കേൾവിയും, മുടന്തക്കു നടപ്പാനുള്ള ശക്തിയും നൽകയും സുവിശേഷത്തെ അറിയിക്കയും (Isaias XXXV; 5) കഷ്ടാനുഭവങ്ങൾ സഹിച്ചു മരിക്കയും തദനന്തരം മഹിമ പ്രാപിക്കയും ചെയ്യും (Isaias LIII) എന്നും മറ്റും വിവരിക്കപ്പെടുന്നു.

൩. ഈ സാഹചര്യങ്ങളെല്ലാം റോമ്മാ ചക്രവത്തിയായ അഗസ്റ്റസ് സീസറിന്റെ ഭരണത്തിന്റെ ൪൨-ാം വത്സരത്തിൽ, അതായതു് ൧൯൨൨ കൊല്ലങ്ങൾക്കു മുമ്പു കന്യകമറിയത്തിൽനിന്നു ബേസ്ലഹം നഗരിയിൽ പിറന്ന ഈശോമ്ശിഹായിൽ (യേശുക്രിസ്തു) പൂണ്ണമായി നിറവേറിയെന്നതു അദ്ദേഹത്തിന്റെ സമകാലിനന്മാരും ദൃഗ്സാക്ഷികളുമായ മത്തായി, യോഹന്നാൻ മുതലായ ചരിത്രകാരന്മാരുടെ കൃതികളിൽനിന്നു മനസ്സിലാക്കാം. ആകയാൽ ലോകത്തോടു ദൈവകല്പനകളേയും ദൈവിക സത്യങ്ങളെയും അറിയിക്കുന്നതിന്നു അങ്ങുന്നു തിരഞ്ഞെടുത്ത സ്ഥാനപതി ഈശോമ്ശിഹായാകുന്നു. അദ്ദേഹം ഏററവും പാവനമായ ഒരു ജീവിതം കഴിക്കയും ബോധജ്ഞാനം നിറഞ്ഞ ഉപദേശങ്ങളാൽ ദൈവാജ്ഞകളെ മനുഷ്യരെ പഠിപ്പിക്കയും, താൻ ദൈവത്താൽ അയക്കപ്പെട്ട സ്ഥാനപതിയെന്നു വ്യക്തമായി സാക്ഷിക്കയും, ഇതിനെ സ്ഥിരപ്പെടുത്തുന്നതിനായി, ദൈവത്താൽ മാത്രം പ്രവത്തിക്കപ്പെടാവുന്നവയും, സകല സൃഷ്ടികളുടെയും ശക്തിയെ അധികരിക്കുന്നതുമായ (മരിച്ചവരെ ഉയപ്പിക്ക, പിറവിക്കുരുടക്കു കാഴ്ച നൽക മുതലായ അനേക) അത്ഭുത കൃത്യങ്ങൾ പ്രവത്തിക്കയും ചെയ്യു. ൪൦-ൽ പരം അത്ഭുതങ്ങൾ അങ്ങേ ചരിത്രത്തെ പ്രതിപാദിക്കുന്ന സുവിശേഷ പുസ്തകങ്ങളിൽ വിവരിക്കപ്പെട്ടിട്ടുണ്ടു്. കൂടാതെ അങ്ങേ മരണത്തിന്റെ സാഹചര്യങ്ങളെയും ഉത്ഥാനത്തെയും ഓറശ്ലേം പട്ടണത്തിന്റെയും ദേവാലയത്തിന്റെയും നാശത്തേയും, അങ്ങുന്നു് സ്ഥാപിച്ച ക്രിസ്തുവേദത്തിന്റെ പ്രചാരത്തേയും പ്രവചിച്ചു. അങ്ങുന്നു മുന്നറിയിച്ചിരുന്നപോലെ മരിച്ചുയിത്തശേഷം, അങ്ങുന്നു പഠിപ്പിച്ച വേദത്തെ ലോകം മുഴുവനും പോയി പ്രസംഗിക്കുന്നതിനു സ്വന്ത ശിഷ്യരെ അധികാരപ്പെടുത്തിയ ശേഷം, ൫൦൦-ൽ പരം ആളുകൾ നോക്കി നിൽക്കുമ്പോൾ സ്വഗ്ഗത്തിലേക്കു എഴുന്നെള്ളി. ഇവയെല്ലാം അനിഷേധ്യങ്ങളായ ചരിത്ര സംഭവങ്ങളാകുന്നു. തെളിവുകൾ ആഗ്രഹിക്കുന്നവർ "The historicity of Christ" by A. Lebeau S. J. (Palamcottah printing Press: 6 as.) എന്ന പുസ്തകമോ, 'നസറത്തിലെ യോഗി" എന്ന ലഘുലേഖയോ വായിക്കട്ടെ.

൪. അങ്ങുന്നു പ്രവചിച്ചിരുന്നതുപോലെ ഓർശ്ലേം പട്ടണവും ദേവാലയവും റോമ്മാ സൈന്യത്താൽ ക്രിസ്ത്വാബ്ദം ൭൦-ൽ നശിപ്പിക്കപ്പെട്ടു. കല്ലിന്മേൽ കല്ലു ശേഷിക്കയില്ലെന്നു ദേവാലയത്തെക്കുറിച്ചുള്ള പ്രവചനം ൩൬൩-ൽ അത്ഭുതമായി നിറവേറി എന്നു ചരിത്രം സാക്ഷിക്കുന്നു. Reeve P. 92. അങ്ങുന്നു സ്ഥാപിച്ച ക്രിസ്തുവേദവും അങ്ങേ പ്രവചനപ്രകാരം ലോകം മുഴുവനും പ്രച

*)

രിച്ചിരിക്കുന്നു. ഹിന്തുക്കളെപ്പോലെ പലേ ദേവന്മാരെയും ദേവികളേയും വണങ്ങിയിരുന്നവരും വിഗ്രഹാരാധനക്കാരുമായിരുന്ന യൂറോപ്പിലെ സകല ജനങ്ങളും ജാതികളും ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും രക്ഷ പ്രാപിക്കുന്നതിനും ദൈവാജ്ഞപ്രകാരം സ്ഥാപിക്കപ്പെട്ട ക്രിസ്തുമതം സ്വീകരിക്കുന്നതിനാവശ്യമെന്നു ഗ്രഹിച്ചുകൊണ്ടു, തങ്ങളുടെ പൂർവ്വികർ അജ്ഞാനം നിമിത്തം ആചരിച്ചുവന്നിരുന്ന വേദത്തെ ഉപേക്ഷിച്ചു, മനുഷ്യബോധത്തിൽ അടങ്ങാത്ത തത്വങ്ങളെ അടക്കിക്കൊള്ളുന്നതും ഏററവും അപ്രീതി തോന്നിക്കുന്ന ചുമതലകൾ ഉൾപ്പെട്ടിരിക്കുന്നതുമായ ക്രിസ്തുവേദത്തെ സ്വീകരിച്ചു കഴിഞ്ഞിട്ട് അനേക അബ്ദശതകങ്ങൾ കഴിഞ്ഞിരിക്കുന്നു. അമേരിക്കാ, ഓഷ്യാന്യാ എന്നീ ഭൂഖണ്ഡങ്ങളിലെ ജനങ്ങളും ക്രിസ്തുമതാനുസാരികൾ തന്നെ. ഏഷ്യാഖണ്ഡത്തിൻെറ ഗണ്യമായ ഭാഗവും ക്രിസ്തീയ മഹാശക്തികൾക്കു അധീനപ്പെട്ടിരിക്കുന്നു. ചൈനാ, ജപ്പാൻ മുതലായ രാജ്യങ്ങളിലെ നിവാസികൾ ക്രിസ്തീയ പരിഷ്കാരം സ്വീകരിച്ചു തുടങ്ങിയതിനോടുകൂടെ, തത്തൽപ്രദേശങ്ങളിൽനിന്നു അനേകർ വത്സരംപ്രതി ക്രിസ്തുമതം സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഇപ്രകാരം ക്രിസ്തീയമതത്തിൻെറ അത്ഭുതകരമായ പ്രചാരത്തിൻെറ ദൈവികത്വത്തെ ലക്ഷീകരിക്കയും അതിൻെറ സ്ഥാപകൻ ദൈവസ്ഥാനപതിയെന്നു തെളിയിക്കയും ചെയ്യുന്നു.

൫. മനുഷ്യർ വിശ്വസിക്കേണ്ട സത്യങ്ങളെയും ആചരിക്കേണ്ട ആരാധനാക്രമത്തേയും അവരോടു ആജ്ഞാപിക്കുന്നതിനു ദൈവത്താൽ നിയമിച്ചയക്കപ്പെട്ട ഈശോമ്ശിഹാ അരുളുന്നു സ്ഥാപിച്ച ക്രിസ്തുമതത്തെ ലോകം മുഴുവനിലും പോയി പ്രസംഗിക്കുന്നതിനും, സകലരേയും ജ്ഞാനസ്നാനപ്പെടുത്തുന്നതിനും സ്വശിഷ്യരോടു ആജ്ഞാപിക്കയും Mt. XXVIII. 19–20 വിശ്വസിച്ചു ജ്ഞാനസ്നാനംസ്വീകരിക്കുന്നവൻ രക്ഷപ്രാപിക്കും. വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (Mark. XV, 15.) എന്നു അരുളിച്ചെയ്തുകൊണ്ടു; സകല മനുഷ്യരും ക്രിസ്തീയ മതത്തെ സ്വീകരിക്കേണമെന്നുള്ള ദൈവകല്പനയെ പ്രസിദ്ധീകരിക്കയും ചെയ്തു. ആകയാൽ ക്രിസ്തീയ മതത്തിൻെറ ദൈവികത്വത്തേയും അതിനെ സ്വീകരിച്ചു ജ്ഞാനസ്നാനപ്പെടുന്നതിനു സകല മനുഷ്യർക്കും ദൈവാജ്ഞ നിമിത്തമുള്ള ഘനമായ ചുമതലയേയും അറിഞ്ഞതിൻെറ ശേഷം കുററകരമായി ഈ കടമയെ നിർവ്വഹിക്കാത്തവർ രക്ഷപ്രാപിക്കയില്ല. എന്നാൽ ക്രിസ്തുമതം സത്യമായ ഏക മതമെന്നറിയാതിരിക്കുന്ന യാതൊരുത്തൻ, അവൻ ജനിച്ചു വളൎന്ന മതത്തെപ്പററി സംശയിക്കാതെ അതു നന്നെന്നു വിചാരിച്ചുകൊണ്ടു സ്വമനസ്സാക്ഷിക്കു യോജിക്കുന്ന വിധത്തിൽ പാപരഹിതമായ ജീവിതം കഴിക്കയും, സകല മനുഷ്യരാലും സ്വീകരിക്കപ്പെടുന്നതിനായി ദൈവം വേറൊരു മതം സ്ഥാപിച്ചിട്ടുണ്ടെന്നു അറിയുന്നപക്ഷം അതിനെ സ്വീകരിക്കുന്നതിനു ഒരുങ്ങിയിരിക്കയും ചെയ്യുന്നുവെങ്കിൽ, അയാൾ തൻെറ അറിവിനുതക്കവണ്ണം ദൈവകല്പന നിറവേററിക്കൊണ്ടിരിക്കുന്നതിനാൽ നിത്യരക്ഷപ്രാപിക്കുന്നതിനു സംശയമില്ല. ക്രിസ്തുമതം സ്വീകരിക്കാതെ മരിച്ചിട്ടുള്ള നമ്മുടെ പൂർവ്വികർ, മേൽവിവരിച്ചവണ്ണമുള്ള സുവിശ്വാസത്തിൽ ജീവിച്ചു മരിച്ചുവെങ്കിൽ, ജ്ഞാനസ്നാനം സ്വീകരിച്ചുമരിച്ച ക്രിസ്ത്യാനികളെപ്പോലെ തന്നെ അവരും രക്ഷപ്രാപിച്ചിരിക്കണം. ക്രിസ്തീയമതത്തിൻെറ ദൈവികത്വത്തെ ഗ്രഹിച്ചതിൻെറശേഷം മാനസാന്തരപ്പെടാതിരിക്കുന്നവർ സുവിശ്വാസത്തിൽ സ്ഥിതിചെയ്യുന്നുവെന്നു സ്ഥാപിപ്പാൻ വഹിയാ. ഈ കൂട്ടർ പാടുള്ള വേഗത്തിൽ, സത്യവേദം സ്വീകരിച്ചു ജ്ഞാനസ്നാനപ്പെടുന്നതിനു ദൈവകല്പനയാൽ നിർബന്ധിതരാകുന്നു. അല്ലാത്തപക്ഷം സുവിശ്വാസത്തിൽ ജീവിച്ചുകൊണ്ടു തങ്ങൾ അറിഞ്ഞിരുന്ന ദൈവകല്പനയെ നിറവേററി മരിച്ച അവരുടെ പൂർവ്വികർക്കു– ജ്ഞാനസ്നാനം പ്രാപിച്ചു നല്ലവണ്ണം മരിക്കുന്ന ക്രിസ്ത്യാനികൾക്കു– ദൈവം നൽകിയിരിക്കുന്ന നിത്യഭാഗ്യം അവൎക്കു നഷ്ടപ്പെടുമെന്നു മാത്രമല്ല, ദൈവകല്പനയെ ഘനമായി ലംഘിക്കുന്നവൎക്കു ദൈവം നിയമിച്ചിരിക്കുന്ന ഭയങ്കരമായ നിത്യനരകശിക്ഷയ്ക്കു അവർ പാത്രീഭവിക്കയുംചെയ്യും.

# സംസാരം (സംഭാഷണം)

"ബാലാ നീ സംസാരിക്കാ നിന്നെ ഞാൻ കാണട്ടെ" തത്വജ്ഞന്മാരിൽ അദ്വിതീയനായ സോക്രട്ടീസിൻെറ വാക്യമാണിതു്. നീ സംസാരിക്കാ നിന്നെ ഞാൻ കേൾക്കട്ടെ എന്നു ശാസ്ത്രി പറയാതെ നിന്നെ ഞാൻ കാണട്ടെ എന്നു പറയുന്നതിനാൽ നീ സംസാരിക്കാ, നീ ഏതു തരക്കാരനാണെന്നു ഞാൻ മനസ്സിലാക്കട്ടെ എന്നാണിതിൻെറ അൎത്ഥം. സ്വരംകൊണ്ടു പാത്രവും സംസാരംകൊണ്ടു മനുഷ്യനും അറിയപ്പെടുന്നു. എന്തെന്നാൽ സംസാരം ഹൃദയത്തിൻെറ പ്രതിമയും ഹൃദയത്തെ പ്രതിബിംബിച്ചു കാണിക്കുന്ന ദൎപ്പണവുമാകുന്നു. യാതൊരുത്തൻെറ ഹൃദയമറിവാൻ നീ ആഗ്രഹിക്കുന്നെങ്കിൽ അവനെ സംസാരത്തിൽ ശ്രദ്ധിക്ക എന്നു വേദശാസ്ത്രി കൊണ്ണേലിയൂസ് പറയുന്നു. അപ്പൊഴോ ഒരുവൻ അശുദ്ധവും അഹംകാരത്തിനടുത്തതും വ്യൎത്ഥവുമായ സംസാരത്തിൽ ഇഷ്ടപ്പെടുന്നെങ്കിൽ അവൻെറ ഹൃദയവും ആത്തരത്തിലുള്ളതാണെന്നും മറിച്ചു, വിശുദ്ധവും വിനയവും ജ്ഞാനവുമുള്ള സംസാരത്തിൽ രസിക്കുന്നവൻെറ ഹൃദയം ആപൂൎണ്ണങ്ങളോടു കൂടിയതെന്നും അനുമാനിക്കുന്നതിൽ യാതൊരബദ്ധവുമില്ല. ഒരുദാഹരണംകൊണ്ടു് ഇതിനെ കുറേക്കൂടി തെളിയിക്കാം. രണ്ടോ നാലോ കറുത്ത ബോത്തലുകളിൽ ഏതോ ദ്രവസാധനം നിറച്ചു നന്നായി പൂളിട്ടുവച്ചിരുന്നാൽ അവയുടെ ഉള്ളിലെ സാധനം എന്താണെന്നറിവാൻ സാദ്ധ്യമല്ലല്ലൊ. എന്നാൽ അവയിൽ ഓരോന്നിൻെറയും അടപ്പു തുറന്നു നോക്കുമ്പോൾ ഒന്നിൽ തേൻ, ഒന്നിൽ ചൊറുക്കാ, ഒന്നിൽ വീഞ്ഞു, ഒന്നിൽ മണ്ണെണ്ണ, എന്നു ശരിക്കു മനസ്സിലാവും. ഇപ്രകാരം നാവു് ഹൃദയത്തിൻെറ അടപ്പാണ്. അതെടുത്തുപയോഗിക്കുമ്പോൾ ആൾ ഏതു സ്ഥിതിക്കാരനാണെന്നു ഗ്രഹിപ്പാൻ കഴിയും. അപ്പൊഴൊ നാം സംസാരത്തിൽ എത്രയോ സൂക്ഷ്മമുള്ളവരായിരിക്കേണമെന്നുള്ള ഒരു പാഠം ഇത്രയും പറഞ്ഞതിൽനിന്നു നമുക്കു ലഭിക്കുന്നു.

കൂടാതെ നാവിൻെറ കൂറുപാടു് അഥവാ നിൎമ്മാണരീതി സംസാരം സംബന്ധിച്ച ചില പാഠങ്ങൾ നമുക്കു തരുന്നുണ്ടു്. നാവു് ഉത്ഭവിച്ചിരിക്കുന്നതു അല്ലെങ്കിൽ നാവിൻെറ ചുവടു ചങ്കിലാണു്. ഇതിനാൽ ഹൃദയത്തിൽ ധരിച്ചിരിക്കുന്നതേതൊ അതിനെ നാവു വെളിക്കു വിടണം. അല്ലാതെ ഹൃദയത്തിലുള്ളതു ഒന്നു്, നാവു പറയുന്നതു വേറൊന്നു് എന്നു വന്നാൽ അതു പ്രകൃതിവിരുദ്ധമല്ലയൊ. നാവിൽനിന്നു രണ്ടു രക്തഞരമ്പുകൾ പുറപ്പെട്ടു ഒന്നു ചങ്കിലും മറേറതു തലച്ചോറിലും ചെന്നു ചേരുന്നു എന്നു (Anatomists) അംഗപരിശോധകന്മാർ പറയുന്നു. തലച്ചോറു ബുദ്ധിയുടെ ആസ്ഥാനമായി ഗണിക്കപ്പെട്ടിരിക്കയാൽ നാവു ബുദ്ധിയോടും ഹൃദയത്തോടും യോജിച്ചിരിക്കണമെന്നു ഒരു വിശേഷ പാഠം ഇതിൽ നിന്നു നമുക്കു സിദ്ധിക്കുന്നു. ഇതിന്നു വിരോധമായി തൻെറ ബുദ്ധിയിലും ഹൃദയത്തിലും ഇല്ലാത്തതു് ആരു സംസാരിക്കുന്നുവോ അവൻ പ്രകൃതിവിരുദ്ധമായ പാപം ചെയ്യുന്നു. നുണ എത്ര അല്പമായതായിരുന്നാലും പ്രകൃതിവിരുദ്ധമായ പാപമാണെന്നു വേദശാസ്ത്രികൾ നിൎണ്ണയിച്ചിരിക്കുന്നതു ഇതുകൊണ്ടല്ലയോ. പ്രഥമതത്വശാസ്ത്രിയായ അരിസ്റ്റോട്ടൽ നുണയെപ്പററി ഇപ്രകാരം പറയുന്നു: നുണ തന്നാൽതന്നെ കെട്ടതും എല്ലാവരും അതിൽനിന്നു ഒഴിഞ്ഞു മാറേണ്ടതുമാകുന്നു. എന്തെന്നാൽ മുക്രായിടുക, കുരയ്ക്ക, കടിയ്ക്ക, ഇവ മനുഷ്യനു എത്രത്തോളം ചേരാത്തതും അയോഗ്യവുമായിരിക്കുമൊ അതുപോലെ തന്നെ നുണയും മനുഷ്യനു യോജിക്കാത്തതാകുന്നു. പട്ടിയുടെകുര, മൃഗാമൎച്ച, പക്ഷികളുടെ പാട്ടു ഇവയെ അനുകരിപ്പാൻ മനുഷ്യനു പ്രയത്നവും അഭ്യസനവും വേണ്ടി വരുന്നതുപോലെ, സത്യം പറവാൻ പ്രകൃതിയാലെ ചാഞ്ഞിരിക്കുന്ന മനുഷ്യൻ പ്രയത്നിക്കയും അഭ്യസിക്കയും ചെയ്യെങ്കിലേ നുണ പറവാൻ സാധിക്കൂ. ആദ്യമായി ബോധത്തിൽ ഇല്ലാത്ത ഒന്നിനെ ആലോചിച്ചുണ്ടാക്കി രൂപീകരി

ച്ച് അതിനെ മനസ്സിൽ ധരിപ്പിച്ചു അതു പറവാൻ നാവിനെ അഭ്യസിപ്പിച്ചു കടശി വെളിക്കു വിടണം. ഇങ്ങനെ ഒരു വക ബലം പ്രയോഗിക്കയും പ്രയത്നിക്കയും ചെയ്യെങ്കിലേ നുണ പറവാൻ മനുഷ്യനു സാധിക്കൂ. പൂർവ്വിക ഹിന്തുക്കൾ 'പേർസിക്കം' എന്നുപേരായ ഒരു വൃക്ഷത്തെ പൂജ്യമായി കരുതി ആചരിച്ചുവന്നു. കാരണം ആ വൃക്ഷത്തിൻെറ കായ്ക്കു ചങ്കിൻെറ ഭാഷയും ഇലയ്ക്കു നാവിൻെറ ആകൃതിയുമുണ്ടായിരുന്നതുകൂടാതെ ഇലയിൽ രണ്ടെണ്ണം പഴത്തോടു പററിപ്പിടിച്ചുമിരുന്നതിനാൽ മനുഷ്യൻെറ നാവും ഹൃദയവും എല്ലായ്പ്പോഴും യോജിച്ചിരിക്കേണമെന്നും മനുഷ്യൻ ഒരിക്കലും അസത്യം പറഞ്ഞുകൂടാ എന്നും പഠിപ്പിക്കുന്ന ഒരു ദിവ്യവൃക്ഷമായി അതിനെ കരുതിയിരുന്നതായി ഒരു ഗ്രന്ഥകർത്താവു എഴുതിയിട്ടുണ്ട്. അപ്പൊഴൊ സത്യം പറവാൻ നാം സ്വഭാവത്താലെ ചാഞ്ഞിരിക്കുന്നവരും അസത്യം ഒരിക്കലും പറഞ്ഞുകൂടാത്തവരുമായിരിക്കെ നാം പറയുന്നതൊക്കെയും എപ്പോഴും സത്യമായിരിപ്പാൻ നന്നായി ശ്രദ്ധിക്കയും ദുസ്സുക്കത്താൽ വല്ല അസത്യവും പറഞ്ഞുപോയെങ്കിൽ ഉടനെ അതിനെ തിരുത്തുവാൻ ബദ്ധപ്പെടുകയും ചെയ്യേണ്ടതാകുന്നു.

മനുഷ്യർക്കു കണ്ണ്, ചെവി, മൂക്ക്, കൈ, കാൽ ഇത്യാദി ഇന്ദ്രിയങ്ങൾ ഈരണ്ടും നാവു ഒന്നുമാത്രവും നൽകപ്പെട്ടിരിക്കുന്നതു സംസാരിക്കുന്നതിനെക്കാൾ കൂടുതലായി കാണുകയും കേൾക്കയും പ്രവൃത്തിക്കയും നടക്കയും ചെയ്യേണ്ടതാകുന്നു എന്നുള്ള പാഠം നമുക്കു തരുവാനല്ലാതെ മറെറന്തിനാണ്? തത്വജ്ഞനായ ഡെമോസ്തനോസിനോടു ഒരിക്കൽ നമുക്കു നാവു ഒന്നും ചെവി രണ്ടും നൽകപ്പെട്ടിരിക്കുന്നതിൻെറ കാരണം എന്തെന്നുചോദിച്ചാറെ സംസാരിക്കുന്നതിൽ എരട്ടി നാം കേൾക്കണം എന്നു പഠിപ്പിപ്പാനാണെന്നുത്തരം പറഞ്ഞു. വിശുദ്ധ യാക്കോബു ഇതിനെ എത്രയും തെളിവായി കാണിച്ചിരിക്കുന്നു. "എല്ലാ മനുഷ്യരും കേൾക്കുന്നതിനു വേഗതയുള്ളവരും സംസാരിക്കുന്നതിനു താമസമുള്ളവരുമായിരിക്കട്ടേ ഇതിൻെറ ന്യായം ചെവി ജ്ഞാനത്തേയും അറിവിനേയും നമ്മുടെ ഉള്ളിലേക്കു ചൊരിയുന്ന കരുവാകുന്നു. മറിച്ച് നാവ് അറിവിനെ പുറത്തേയ്ക്കു ചിന്തുന്ന ഉപകരണവുമാകുന്നു. വേറെ വാക്കായി പറഞ്ഞാൽ കേൾക്കുന്നതുകൊണ്ടു നാം ജ്ഞാനം സമ്പാദിക്കുകയും സംസാരംകൊണ്ടു വെളിയിലേക്കു വിടുകയും ചെയ്യുന്നു. ഏതൊരു നന്മയും പ്രാപിപ്പാനല്ലാതെ കൊടുപ്പാൻ താല്പര്യപ്പെടുന്നവരുണ്ടോ? വാങ്ങിപ്പാൻ നമ്മുടെ കൈകൾ തുറന്നും കൊടുപ്പാൻ അടഞ്ഞും ചുരുങ്ങിയുമല്ലേ ഇരിക്കുന്നത്. യുവാക്കളും യുവതികളും കൊടുക്കുന്നതിൽ ധാരാളമുള്ളവരും വൃദ്ധന്മാർ പിടിത്തക്കാരുമായിരിക്കുന്നതുപോലെ ആദ്യത്തവർ അധികം സംസാരിക്കുന്നവരും ഒടുവിലത്തവർ മൌനികളുമാകുന്നു. ഇതിൻെറ കാരണവും ഇരുഭാഗക്കാരിലുമുണ്ടായിരിക്കുന്ന ജ്ഞാനത്തിൻെറയും അറിവിൻെറയും കൂടുതൽ കുറവല്ലയോ? ഒന്നുകൂടി തെളിച്ചുപറഞ്ഞാൽ വൃദ്ധന്മാരിൽ കൂടുതൽ അറിവുള്ളതിനാൽ അവർ ശരിയായി മൌനം കാക്കയും ചെറുപ്പക്കാർ ജ്ഞാനം കുറഞ്ഞവരാകയാൽ അവർ അധികം സംസാരിക്കയും ചെയ്യുന്നു. പാതിപ്രായമായ മുന്തിരിച്ചെടികളിൽനിന്നു വീഞ്ഞു ധാരാളം കിട്ടുമെങ്കിലും അത്ര നന്നായിരിക്കയില്ല. പ്രായം കൂടിയവയിൽ നിന്നു കുറച്ചേ കിട്ടുകയുള്ളു എങ്കിലും അതു വളരെ രുചികരമായിരിക്കും. ഇപ്രകാരം മൃഗങ്ങൾ എത്രത്തോളം ബുദ്ധി കൂടിയവയോ അത്രയ്ക്കും നിശ്ശബ്ദകളായിരിക്കും. മൃഗങ്ങളിൽ വച്ചു ബുദ്ധികൂടിയവ എന്നു പൊതുവിൽ ഗണിക്കപ്പെട്ടിരിക്കുന്ന ആന, കുരങ്ങു, സിംഹം മുതലായ ജന്തുക്കൾ നന്നാ ദുർല്ലഭമായി മാത്രമേ ശബ്ദിക്കാറുള്ളൂ. പക്ഷികളിൽ വളരെ ഇമ്പമായി പാടുവാൻ കഴിയുന്ന കുയിൽ മുതലായവ ചുരുക്കമായും ആണ്ടിൽ ചില പ്രത്യേക അവസരങ്ങളിലും മാത്രമേ പാടാറുള്ളൂ. മറിച്ച് കരികിലപ്പക്ഷി, കാക്ക, മുതലായ ഹീനസ്വരമുള്ള പക്ഷികൾ എപ്പോഴും ശബ്ദിച്ചുകൊണ്ടിരിക്കും. അപ്പൊഴോ നാവിൻെറ പ്രകൃതിയും നിർമ്മാണരീതിയും അതിസംസാരം ബുദ്ധിശൂന്യതയുടെ ലക്ഷ്യമെന്നും തെററായിട്ടുള്ളതാണെന്നും മൌനം യോ

ഗ്യമററത്തും പാട്ടുള്ളടത്തോളം നാം അ
നുസരിക്കേണ്ടതാണെന്നും ഇത്യാദി പാ
ഠങ്ങളെ നമുക്കു തരുന്നു. (തുടരും.)

മുണ്ടാട്ടു ചുണ്ടയിൽ മാണിക്കത്തനാർ.

---

# ശ്രീയേശുവിജയം (മലയാളമഹാകാവ്യം.)

## (൨-ാം സർഗ്ഗം.)

അനന്തരം സങ്കടസായകത്താൽ
മനംപിളക്കും പ്രിയ ചെന്റ മർത്ത്യൻ
അനന്തമാം കാടതിലാധി കൈക്കൊ-
ണ്ടനല്പമായശ്രു ചൊരിഞ്ഞുമേവി. 1.

നരന്നുനേരിട്ടവിപത്തിനാഴം
നിരന്തമെന്നേ പറയേണ്ടതുള്ളു.
അരക്ഷണംകൊണ്ടു നശിച്ചുഭാഗ്യം
കരത്തിലായ്വന്നിതനർത്ഥമെല്ലാം. 2.

ഫലംനിറഞ്ഞുള്ള തരുവ്രജത്താ-
ലലംകരിച്ചുള്ളൊരിടത്തിൽനിന്നും
അലംഘ്യമാംകാട്ടിലണഞ്ഞുചിത്തം
കലങ്ങിവാഴാനവനെത്തിയോഗം. 3.

വിരിഞ്ഞപൂവിന്നെതിരാം മൃദുത്വം
ചൊരിഞ്ഞുമിന്നും തൃണമുള്ളദിക്കിൽ
ചരിച്ചവൻമുള്ളുനിറഞ്ഞകാട്ടിൽ-
ക്കരിഞ്ഞൊരുൾക്കാമ്പൊടുചുററുമാറായ്. 4

അവർണ്ണ്യമിൻപം മനമീക്ഷണംനാ
വിവക്കുദിക്കുംപടിയത്നമെന്യേ
നവംലസൽപകാഗണംലഭിപ്പാ
നവന്നുകൈവന്നവരംനശിച്ചു. 5.

പ്രയത്നമോരോന്നുനടത്തിദേഹം
വിയർത്തൊലിപ്പിച്ചുവലഞ്ഞജസ്രം
വയററിലെപ്പൈകളയുന്നക്രൂട്ടം
സ്വയംനരൻ നേടണമെന്നുവന്നു. 6.

തളർച്ച, ദാഹം, പശി, നോവ, കക്കാ-
മ്പിളക്കിടുംമാൽ, ഗദമെന്നിതെല്ലാം
വളന്ന താപത്തൊടവൻസഹിപ്പാ-
നിളപ്പമേറുംവിധിയിൽക്കുടുങ്ങി. 7.

ദുരിഷ്ടമുൾക്കൊണ്ടപരാധിവേഷം
ധരിക്കവാൻസംഗതിയാക്കിയോനെ
ശരിക്കുവെന്നാക്കുടിലൻറശിഷ്ടം
ഞെരിക്കവാനില്ലവനാക്കമെന്നായ്. 8.

ഹിമം. തണു. പ്പുഷ്ണ്ണ.മിതൊക്കെമുന്നം
ക്രമത്തിൽനിന്നേകിനരന്നുസൌഖ്യം
ദമംവഹിക്കാതവമാലിദാനീം
ശ്രമംജനിക്കുംപടി ചെയ്തിടുന്നു. 9.

ഇണക്കമായെപ്പൊഴുമന്തികത്തിൽ
ത്തുണക്കുനില്ക്കുന്ന മൃഗങ്ങളെല്ലാം
പിണക്കമുൾക്കൊണ്ടവനേവെറുക്കും
കണക്കുദൂരത്തിലൊഴിഞ്ഞിടുന്നു. 10.

ക്ഷയംസദാസാധുമൃഗങ്ങൾതൻസം-
ചയത്തിനുണ്ടാക്കിവിശപ്പടക്കും
ദയസ്സിണങ്ങാത്തൊരുസത്വമെല്ലാം
ഭയംവളർത്തുന്നു മനുഷ്യനിപ്പോൾ. 11.

വെറുപ്പണക്കും മശകം, കടന്ന,
ലെറുമ്പു, കീടം, മുതലായ കൂട്ടം
ചെറുത്തവന്നേററമുപദ്രവത്തെ-
പ്പൊറുത്തുകൂടാപ്പടി ചെയ്തിടുന്നു. 12.

കളസ്വനത്താൽ ശ്രവണത്തിനിമ്പം
വിളമ്പുമോമൽപതഗങ്ങളെല്ലാം
കളങ്കമാർജ്ജിച്ചജളൻറസഖ്യം
കളഞ്ഞിടാൻപോലകലുന്നിതാരാൽ. 13.

സദാത്മബോധത്തെ വരുത്തുവാനാ
യുദാരഭാവത്തൊടുമന്തികത്തിൽ
സദാവരും വാനവരിന്നസാദ്ധ്യ-
ഗദാർത്തനെപ്പോലവനെത്യജിച്ചു. 14.

അനല്പമായെന്തിനഹോമനുഷ്യ-
നനഘമാംഭാവുകമററശേഷം
മനംമയങ്ങിത്തകരാറിലാമ്മാ-
റനർത്ഥമെല്ലാമവകാശമായി. 15.

മനോജ്ഞരാംവാനവരൊത്തുമോദ
മനോപമംപൂണ്ടുവസിച്ചവഴ്ശൻ
മനോരഥത്തോടഖിലേശ്വരൻതൻ
മനോഗുണത്തിന്നുകൊതിച്ചിടുന്നു. 16.

എറുമ്പുസിംഹത്തൊടെതൃത്തിടുംപോൽ
കുറുമ്പുകാണിച്ചവനാപ്രമാണം
മറുത്തമൂലംസകലൈകനാഥൻ
വെറുക്കയാൽവന്നവിപത്തിതെല്ലാം. 17.

അരൂപിസേവൻ സകലേശ്വരൻതൻ
സരൂപമിച്ഛിച്ചനരന്നൊടുക്കം
സുരൂപമോർത്തുള്ള പരിശ്രമത്താൽ
വിരൂപനായ്ത്തീർന്നവിധം ഫലിച്ചു. 18.

സമത്വമററുള്ളൊരു ദിവ്യരത്നം
പ്രമത്തനായിട്ടെറിയും വിധത്തിൽ
സമസ്തലോകേശ വരപ്രഭാവം
ഭ്രമത്തിനാലാകെ മുടിച്ചു മർത്ത്യൻ. 19.
അടക്കമില്ലാതഖിലേശ്വരൻതൻ
കിടസ്സുമോഹിച്ചു വൃഥാ മനുഷ്യൻ
മുടക്കലംഘിച്ചെതിരററഭാഗ്യം
കടസ്സലോളം ശിഥിലീകരിച്ചു. 20.
ഗരിഷ്ഠഭാഗ്യത്തൊടതേവരെസ്സും
വരിഷ്ഠനായ് വാണ മനുഷ്യനാദം
പൊരിഞ്ഞിടും മാനസമൊത്തിദാനീം
ദരിദ്ര്യനെപ്പോലെ കുഴങ്ങിടുന്നു. 21.
വിശാലഹൃത്തായിട്ടമാനരൻതൻ
ശശാങ്കബിംബോപമമാകുമാസ്യം
നിശാതമാമാധിനിമിത്തമയ്യോ
കൃശാനുവിൽപെട്ട സുമം കണക്കായ്. 22.
ഘനക്ഷയം തിന്മമുഖാന്തരം താ
നനല്പമാർജ്ജിച്ചതിനേ മനുഷ്യൻ
മനം ദഹിക്കും വിധമല്പലോട്ടം
നിനച്ചു ലജ്ജിച്ചു കുനിച്ചു ശീർഷം. 23.
അനത്ഥസാമൈത്ഥക നിദാനമാകും
വിനട്ടെുഴം നാശകരം കടപ്പം
നിനച്ചിടും തോറുമവന്നതുല്യം
മനക്കരുന്നിൽ ഭയമങ്കുരിച്ചു. 24.
അപാരമായുള്ള വിശപ്പിനാലും
പിപാസയാലും കദനത്തിനാലും
അവാസ്തധീയാം വധുവിൻെറ നോട്ടം
കൃപാണിപോൽ പുണ്ണവനുള്ളിലേകി. 25.
അരുസ്സപെട്ടല്ലലെഴും മനസ്സിൽ
ക്കരുത്തുപൊങ്ങും പല ചിന്തമൂലം
കരുത്തകന്നാനരനങ്ങുമിങ്ങും
പരുങ്ങിനോക്കിച്ചൊരിയുന്നു കണ്ണീർ. 26.
സഹിച്ചിടും സങ്കടവഹ്നിമൂലം
ദഹിച്ചുപോയ് തന്നുടെ ചിത്തമെന്നും
മഹിക്കുഭാരത്തിനുമാത്രമീമെയ്
വഹിപ്പതെന്നും നരനോർത്തുഴെട്ടി. 27.
നിരന്തരൻ നാഥനെഴും മഹസ്സും
നിരത്ഥമായുള്ളൊരു തൻെറ കെൽപ്പും
കരസ്ഥമാകും ബദരം കണക്കാ
നരന്നു തൻ ചേതസി പാഠമായി. 28.
വിശിഷ്ടസൌഭാഗ്യമശേഷമൊപ്പം
നശിച്ചതേക്കാളവനുൾക്കരുന്നിൽ
വശിത്വമററാപ്പഴമാജ്ഞ ലംഘി-
ച്ചശിച്ചതോർത്തിട്ടനുതാപമുണ്ടായ്. 29.
മയക്കമുൾക്കൊണ്ടു പിഴച്ച നേരം
കയത്തുദേവൻ നരകക്കിടങ്ങിൽ
നയത്തൊടാക്കാഞ്ഞതു ചിന്തചെയ്താ
ദ്ദയക്കവൻ നൂറുരു നന്ദി ചൊല്ലി. 30.

കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള.

## ഒരു പ്രോട്ടസ്ററൻറു ബാലികയുടെ ദിവ്യകാരുണ്യ സന്ദർശനം.

ഏതാനും വഷങ്ങൾക്കു മുൻപ് "ഫിലാഡെൽഫിയാ"യിൽവെച്ച് പരേതനായ ഫാദർ ജോൺ, പി. ഡൺ തനിക്ക് അനുഭവസിദ്ധമായ താഴെ പറയുന്ന സംഭവത്തെപ്പററി ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

ദിവ്യകാരുണ്യത്തിൻെറ ശ്രദ്ധമായ അത്ഭുതപ്രവൃത്തികളുടെ ഹൃദയംഗമമായ ഈ ദൃഷ്ടാന്തം ഫാദർ ഡൺ വൈദികപദത്തിൽ പ്രവേശിച്ച് അധികം കഴിയുന്നതിനു മുമ്പ് സംഭവിച്ചതാണ്. റോമൻ കത്തോലിക്കാ സഭയുടെ ബദ്ധവൈരിയെന്ന പേരിൽ കുപ്രസിദ്ധനായ ഒരു പ്രോട്ടസ്റ്റാൻറു പാതിരിയുടെ വസതിയിലേക്ക് ഇദ്ദേഹം ഒരിക്കൽ ക്ഷണിക്കപ്പെട്ടു. ഏതാദൃശമായ ഈ ക്ഷണത്തെപ്പററി ഇദ്ദേഹത്തിനു സ്വല്പം അതിശയം തോന്നാതിരുന്നില്ല; എങ്കിലും കത്തോലിക്കരായ വല്ല വേലക്കാക്കും അന്ത്യ കൂദാശകൾ കൊടുക്കേണ്ടതിലേക്കായി, അവരുടെ യജമാനൻെറ മതവിരോധത്തെ ജയിച്ച് തന്നെ ക്ഷണിക്കുന്നതായിരിക്കും എന്നു കരുതി ഇദ്ദേഹം ക്ഷണത്തിൽ പുറപ്പെട്ടു. എന്നാൽ ആശ്ചര്യം!! ഫാദർ ഡൺ അവിടെ എത്തിയപ്പോൾ, കമനീയമായി അലങ്കരിക്കപ്പെട്ടിരുന്ന ഒരു പ്രത്യേക മുറിയിലേക്ക് ഇദ്ദേഹം ആനയിക്കപ്പെടുകയാണുണ്ടായത്. മനോഹരമായ ആ

മുറിയിലുണ്ടായിരുന്ന ഒരു കിടക്കയിൽ, അ പാതിരിയുടെ ഏക സന്താനമായ ഒരു പെൺകുട്ടി ആസന്നമരണയായി കിടന്നിരുന്നു. ഏററവും സുന്ദരിയും മാതാപിതാക്കളാദിയായവരുടെ കണ്ണിലുണ്ണിയും ഒൻപതുവയസ്സു പ്രായമേയുള്ളെങ്കിലും വയസ്സിനെ അതിക്രമിച്ചുള്ള ബുദ്ധിശക്തിയോടുകൂടിയവളും ആയ ഒരു ബാലികയായിരുന്നു അവൾ. മാതാപിതാക്കളുടെ ക്രമാതീതമായ ശുശ്രൂഷയിലും, എന്നാൽ സാക്ഷാത്തായ ദേഹാരോഗ്യത്തോടുകൂടെയും വളൎന്നുവന്നിരുന്ന ഈ ബാലിക, യാതൊരു തരത്തിലുള്ള ദുഃഖസങ്കടങ്ങളും അനുഭവിക്കാതെ സ്ത്രീലോകത്തിന്നു് അലങ്കാരമായ യൌവ്വനദശയിൽ ഉപവിഷ്ടയാകുമെന്നായിരുന്നു ഏവരുടെയും കാംക്ഷ. എങ്കിലും ഈ ചെറിയ പെൺകുട്ടി നാലുകൊല്ലങ്ങളോളമായി ഏതോ ഒരു ഗൂഢമായ മനോവേദനയാൽ പിടിക്കപ്പെട്ടിരുന്നു എന്നു് പ്രത്യക്ഷത്തിൽ കാണാമായിരുന്നു. എന്നാൽ ഈ വ്യസനം അവളെ യാതൊരു ദീനമൊ, അപകടമോ കൂടാതെ പെട്ടെന്നുണ്ടായ ഈ മരണാവസ്ഥയിൽ ആക്രമിക്കുകയാണു് ചെയ്തതു്. പലേ ഡോക്ടർമാരുടെ പരിശോധനയിലും, അഭിപ്രായത്തിലും അവൾക്കു്, മരിക്കത്തക്ക നിലയിലുള്ള യാതൊരു സുഖക്കേടുകളും ഇല്ലെന്നും, എന്നാൽ അവൎക്കു മനസ്സിലാക്കാൻ കഴിയാത്തതായ ഏതൊ കാരണത്താൽ തീരെ ക്ഷീണിച്ചു മരിക്കാറായിരിക്കുന്നു എന്നും മനസ്സിലായി. ഡോക്ടർമാർ സശ്രദ്ധം ശുശ്രൂഷിക്കയും ചികിത്സിക്കയും ചെയ്തുവെങ്കിലും അവളുടെ മാതാപിതാക്കന്മാർ ദുഃഖത്തിൽ നിമഗ്നരാകയും, സ്നേഹിതന്മാർ അതിശയിക്കയും പ്രലപിക്കയും ചെയ്തിരുന്നു. ഒടുവിൽ തങ്ങളുടെ വാത്സല്യപുത്രിക്കു് ഈ ദീനം എങ്ങിനെ പിടിപെട്ടുയെന്നു് അവൎക്കു മനസ്സിലായി.

അവരുടെ കുടുംബ വൈദ്യനാണു് രോഗകാരണം ആദ്യമായി കണ്ടുപിടിച്ചതു്. അശ്രുപൂൎണ്ണങ്ങളായ നേത്രങ്ങളോടെ തൻെറ ഓമന മകളുടെ മുഖത്തു നോക്കിക്കൊണ്ടിരുന്ന നമ്മുടെ കഥാനായികയുടെ അമ്മ, കത്തോലിക്കക്കാരിയായ അവരുടെ ഒരു വേലക്കാരിയെ നോക്കിക്കൊണ്ടു് ദീൎഘശ്വാസത്തോടുകൂടെ ഉച്ചരിച്ച ഒരു വാക്കാണു് കുടുംബ വൈദ്യനെ ദീനവിവരം വെളിപ്പെടുത്തിയതു്. അസാധാരണമായ ഈ ദീനവിവരത്തിന്നു് നിദാനമായി അവൾ പറഞ്ഞതായ പ്രകൃത വാക്കിൻെറ സാരം എന്താണെന്നു് തന്നോടു് തീൎച്ചയായും അറിയിക്കേണ്ട ആവശ്യമുണ്ടെന്നു് ആ ഡോക്ടർ അവളോടു പറഞ്ഞു. കുടുംബിനിക്കു് പ്രസ്തുത സംഗതിയെ വെളിപ്പെടുത്തുന്ന കാൎയ്യത്തിൽ തിരെ തൃപ്തിയില്ലായിരുന്നു എങ്കിലും മററു നിവൃത്തി ഒന്നും കാണാതെ ഒടുവിൽ ഇപ്രകാരം പറഞ്ഞുതുടങ്ങി: "വൈദ്യരേ!- ഞങ്ങളുടെ ഈ ഓമനക്കുഞ്ഞിനു് പരിചാരികയായി ഒരു ഐറിഷ് കത്തോലിക്കാ യുവതിയെ ഞങ്ങൾ നിയമിച്ചിരുന്നു. ഞങ്ങൾ ആ യുവതിയെ കേവലം ഒരു വേലക്കാരിയെപ്പോലെ കരുതാതെയും, ഒരണലിപ്പാമ്പിനെയാണു് ഇപ്രകാരം വളൎത്തുന്നതെന്നുള്ള വിചാരം ലേശം പോലുമില്ലാതെയും ഞങ്ങളുടെ സ്വന്തമായ ഒരു കുട്ടിയെപ്പോലെയാണു് വളൎത്തിവന്നതു്. അവൾ ഒരിക്കൽ ഒരു പ്രോട്ടസ്റ്റൻറുകാരിയായിത്തീരും എന്നു ഞങ്ങൾക്കു പൂൎണ്ണ വിശ്വാസമുണ്ടായിരുന്നു. അവൾ ഒരിക്കലും പള്ളിയിൽ പോയിരുന്നില്ല, എന്നു മാത്രമല്ല കത്തോലിക്കാമതസംബന്ധമായ പുസ്തകങ്ങളൊ, പടങ്ങളൊ യാതൊന്നും അവൾക്കില്ലായിരുന്നു. അവളുടെ സ്വദേശികളായ മൂഢഭക്തന്മാരെ അനുകരിക്കത്തക്ക വല്ല ഒരു ഓൎമ്മപോലും അവൾക്കില്ലായിരുന്നു എന്നു ഞങ്ങൾക്കു തോന്നത്തക്കവണ്ണം അത്രയ്ക്കു് അലക്ഷ്യമായ ഒരു ഭാവം, ആ മതത്തോടു് അവളിൽ സദാ ഉണ്ടായിരുന്നു. ഞങ്ങൾ, ഞങ്ങളുടെ ഈ കുട്ടിക്കു് നമ്മുടെ മതസംബന്ധമായ ഓരോ ഉപദേശങ്ങൾ പറഞ്ഞുകൊടുക്കുന്ന അവസരങ്ങളിൽ ഇവളും പ്രത്യേകം ശ്രദ്ധയോടുകൂടി സദാ ഹാജരുണ്ടായിരുന്നതിനാൽ ഇവളുടെ മനസ്സുതിരിവിന്നുവേണ്ടി കൂടുതൽ ശ്രമങ്ങൾ ഒന്നും ഞങ്ങൾ ചെയ്തിരുന്നില്ല. ഒരുദിവസം വൈകുന്നേരം അവൾ ലീനായെ (ഇതായിരുന്നു നമ്മുടെ കഥാനായികയുടെ പേർ) നടക്കുവാൻ കൂട്ടിക്കൊണ്ടുപോയി. അടുത്തുണ്ടായിരുന്ന ക

ത്തോലിക്കാ ദേവാലയത്തിൽ വി. കുർബ്ബാനയുടെ വാഴ്വുള്ള ഒരു ദിവസമായിരുന്നു അത്. പിന്നീട് അവൾ പ്രസ്താവിച്ചതുപോലെ, അന്നുമുതൽ അവൾക്കു (ലീനായിക്ക്) പള്ളിയിൽ പോകണമെന്നുള്ള ആഗ്രഹവും കലശലായി. ഞങ്ങളുടെ സകലവിധമായ നിർഭാഗ്യങ്ങളുടെയും ആരംഭവും ഈ ദിവസംതന്നെ പ്രത്യക്ഷമായിത്തുടങ്ങി. വാഴ്വു സംബന്ധമായി അന്നവിടെ നടന്ന കർമ്മങ്ങളുടെ കാഴ്ചയാൽ ഞങ്ങളുടെ കുട്ടിക്ക് വീണ്ടും പള്ളിയിൽ പോകണമെന്നുള്ള ദിക്കായി. വളരെ ഭക്തിയും അനുസരണവും ഉള്ളവളായിരുന്ന കുട്ടി അന്നുമുതൽ കേവലം ഒരു ദുശ്ശാഠ്യക്കാരിയും തൻറടക്കാരിയും ആയിത്തീർന്നു. പ്രാർത്ഥനയിലാവട്ടെ, വേദപുസ്തക പാരായണത്തിലാവട്ടെ നമ്മുടെ വേദസംബന്ധമായ മററു കാര്യങ്ങളിലാവട്ടെ അശേഷം താല്പര്യമൊ, വണക്കമൊ ശ്രദ്ധയൊ അവൾ കാണിച്ചിരുന്നില്ല. വിശ്വാസ വഞ്ചകിയായ ആ കത്തോലിക്കാ യുവതിയെ ഇനിയും താമസിപ്പിക്കുന്നത് ഇതിലും കൂടുതൽ അപകടത്തിനു കാരണമായിരിക്കുമെല്ലോയെന്നു കരുതി തൽക്ഷണംതന്നെ വീട്ടിൽനിന്ന് ഞങ്ങൾ പിരിച്ചുവിട്ടു. അവളുടെ പൈശാചിക തന്ത്രത്തിൽ അകപ്പെട്ടിരുന്ന ഞങ്ങളുടെ ഈ കുട്ടിക്ക് നമുക്കുതകുന്നതായ എല്ലാ സൌകര്യങ്ങളും അനുവദിച്ചുകൊടുത്തുവെങ്കിലും അവയെല്ലാം നിഷ്ഫലമായിപ്പോയി, എന്നുമാത്രമല്ല ഒന്നിനൊന്നിന് കുട്ടിക്ക് കത്തോലിക്കാമതസ്ഥാനങ്ങളിലുള്ള ആസക്തി അത്യധികമായി വർദ്ധിക്കയാണുണ്ടായത്. ഈ ഭയങ്കരമായ മതഭ്രമമൊ, അഥവാ പൈശാചിക ബാധയോ എന്തോ ഞങ്ങളുടെ കുട്ടിയുടെ ജീവനെ തീരെ ക്ഷയിപ്പിച്ചിരിക്കുന്നു."

ഈ കഥയെല്ലാം കേട്ടതിൻെറശേഷം ഡാക്ടർ നിശ്ചയിച്ചത്, ഒരു കത്തോലിക്കാ വൈദികനെ ഉടനെ വിളിപ്പിക്കണമെന്നായിരുന്നു. ഈ വിവരം കുട്ടിയുടെ അമ്മയോടു പറകയും, അതിനു താൻ പലപ്പോഴും കണ്ടു പരിചയമുള്ള ഫാദർ ഡഡൺ ആയിരുന്നാൽ കൊള്ളാമെന്നു സൂചിപ്പിക്കയും ചെയ്തു. അവൾ ആ സംഗതിക്ക് പ്രതികൂലിയായിരുന്നുവെങ്കിലും ഒടുവിൽ അനുകൂലിക്കയും ചെറുപ്പക്കാരനായ നമ്മുടെ വൈദികനെ വരുത്തുകയും ചെയ്തു. ഈ വിവരങ്ങൾ യാതൊന്നും അറിയാതെ കിടന്നിരുന്ന ദീനക്കാരിയെ അവളുടെ മന്ദതയിൽനിന്ന് ഉണർത്തുന്നതിലേക്ക് ഫാദർ ഡഡൺ വല്ല കർമ്മങ്ങളും അനുഷ്ഠിക്കുമെന്നു കരുതി ആ പ്രോട്ടസ്റ്റൻറ് ഡോക്ടർ ആയതു കാണണമെന്നുള്ള പ്രതീക്ഷയോടുകൂടി വാതുക്കൽ കാത്തുനിന്നിരുന്നു. എന്നാൽ എന്തൊരാശ്ചര്യം!! ആ കത്തോലിക്കാ വൈദികൻ മുറിയിൽ പ്രവേശിച്ച മാത്രയിൽ അത്യാസന്നമായിക്കിടന്നിരുന്ന കുട്ടി പെട്ടെന്നു കട്ടിലിൽ എഴുന്നേററിരുന്ന് കൈകൾ കൂപ്പിക്കൊണ്ട് അദ്ദേഹത്തെ ആർത്തിയോടെ നോക്കി, 'എൻെറ അച്ചാ! എൻെറ കർത്താവിനെ അങ്ങ് കൊണ്ടുവന്നിട്ടുണ്ടല്ലൊ, അദ്ദേഹത്തെ കൈക്കൊള്ളാതെ ഞാൻ മരിക്കയില്ല' എന്ന് ഹൃദയാഗമവും സന്തോഷാവഹവും ആയ സ്വരത്തിൽ വിളിച്ചുപറഞ്ഞു.

ഈ വാക്കുകൾ കേട്ടപ്പോൾ ഫാദർ ഡഡണും, ഡാക്ടരും ഒന്നുപോലെ ആശ്ചര്യഭരിതരായി തീർന്നു. ഉടനെ വൈദികൻ അവളെ ആശ്വസിപ്പിക്കുന്നതിനു ശ്രമിച്ചു. എന്നാൽ ആ കുട്ടി ക്ഷീണിച്ച തൻെറ കരങ്ങളെ വിശുദ്ധ കുർബ്ബാനയെ സൂക്ഷിച്ചിരുന്ന അദ്ദേഹത്തിൻെറ മാർവ്വിൽ വെച്ചു. അദ്ദേഹത്തിൻെറ ചോദ്യങ്ങൾക്ക് അവൾ പറഞ്ഞിരുന്ന മറുപടികളാൽ, ആ കുട്ടിക്ക് ഈ മഹോന്നത കൂദാശയെപ്പററി തന്നെപ്പോലെ അഗാധമായ അറിവു് സിദ്ധിച്ചിരുന്നുവെന്ന് ബോധ്യമായി. സ്വല്പം മുമ്പേ ആശ്ചര്യഭരിതരായി നിന്നിരുന്ന ഡോക്ടർ വൈദികനോട് 'എൻെറ പ്രിയ പ്രഭോ! അവളുടെ ആഗ്രഹങ്ങളെല്ലാം വേഗത്തിൽ നിറവേററുക. എന്തുകൊണ്ടെന്നാൽ അവളുടെ ജീവൻ ഏററവും അന്ത്യദശയിൽ എത്തിയിരിക്കുന്നു' എന്നു ഭക്തിപൂർവ്വം പറഞ്ഞു. ആ വൈദികന്, വയോധികനായ ഡോക്ടരെക്കാൾ ഇക്കാര്യത്തിൽ കൂടുതൽ പരിചയമുണ്ടായിരുന്നതിനാൽ അദ്ദേഹം പിന്നീട് ഒട്ടുംതന്നെ വിസമ്മതി

ച്ചില്ല. അദ്ദേഹം ചൊല്ലിക്കൊടുത്തതു പോലെ ആ നിഷ്കളങ്കയായ കുട്ടി ഉത്തമ മനസ്താപത്തിൻെറയും, സ്നേഹത്തിൻെറയും, പ്രകരണങ്ങൾ ഉച്ചരിച്ചതിൻെറ ശേഷം വിശുദ്ധ കുബ്ബാനയെ ഉൾക്കൊണ്ടുകൊണ്ട് ഒരു ആനന്ദമായ പുഞ്ചിരിയോടുകൂടെ കിടക്കയിലേക്ക് ചാരിക്കിടന്നു. ക്ഷണത്തിൽ ഫ്ാദർ ഡൺ അന്തിമാശീർവ്വാദങ്ങൾ കൊടുക്കയും അപ്പോൾ ആ കുട്ടിയുടെ 'സിറാഫിക'മായ ആത്മാവ് തൻെറ സ്നേഹഭാജനമായ കർത്താവിങ്കലേക്ക് പറന്നുപോകയുംചെയ്തു.

കുസുമവായനക്കാരായ മാന്യ സഹോദരരേ! വിശുദ്ധ കുബ്ബാനയുടെ ഈവിധമായ അത്ഭുത ശക്തിയെപ്പററി സ്വല്പമെങ്കിലും അതിശയം തോന്നാത്തവർ നിങ്ങളിൽ ആരെങ്കിലുമുണ്ടോ? ഇത്ര മാഹാത്മ്യമേറിയ ഈ ദിവ്യ നൽക്കരുണയുടെ നേരെ, നാം ദിവസംതോറും കാണിച്ചു വരുന്ന നന്ദികേടിനെപ്പററി എത്രമാത്രം മനസ്താപപ്പെട്ടാൽ മതിയാകും. എത്രയോ ആളുകൾ ദൈവാലയങ്ങളിൽ വിശുദ്ധ കുർബാനയുടെ വാഴ്വ് സമയത്തു യാതൊരു വിചാരവും കൂടാതെ നാലുപാടും ഇറങ്ങിപ്പൊയ്ക്കളയുന്നു. കാൽമണിക്കൂറിൽ ഒട്ടും കൂടുതൽ സമയം വേണ്ടിവരാത്തതായ ഈ മഹിമയേറിയ സമയംകൊണ്ട് അവർ എന്തു മഹൽകാര്യങ്ങളാണ് സാധിക്കാൻ പോകുന്നതു? ഈ അനുകരണീയമായ സംഭവമെങ്കിലും അവക്ക ഒരു ദൃഷ്ടാന്തമായിരിക്കട്ടെ.

ഫ്ാദർ മർസ്ലീൻ സി. ഡി.

---

## സകല ക്രിസ്ത്യാനികളും അറിഞ്ഞിരിക്കേണ്ടതും വിശ്വസിക്കേണ്ടതും പ്രവർത്തിക്കേണ്ടതുമായ സംഗതികളുടെ ഒരു സംക്ഷേപചരിത്രം.

### ദൈവം.

സകലത്തിൻേറയും ആദ്യ കാരണവും, "ഉള്ളാഴ്മ"യും ആയ 'വസ്തു' ഉണ്ടായിരിക്കണമെന്നു സ്വഭാവന്യായം തന്നെയും ആവശ്യപ്പെടുന്നു. ഈ പരാപരവസ്തുവിനേയത്രേ "ദൈവം" എന്നു നാം വിളിക്കുന്നത്. ഈ ദൈവം ഒന്നുമാത്രമേയുള്ളു; ഒന്നിലധികം ഉണ്ടാകുവാൻ പാടുമില്ല. ദൈവം എന്നും ഉണ്ടായിരുന്നു എന്നേക്കും ഉണ്ടായിരിക്കയും ചെയ്യും. അഥവാ അവിടുന്നു ആദിയന്തമില്ലാത്ത നിത്യനായിരിക്കുന്നു. ദൈവം ഒരു നിർമ്മല അരൂപിയാകുന്നു, അങ്ങേയ്ക്കു ശരീരമില്ല. നമുക്ക ഈ ജീവിതത്തിൽ വച്ചു ദൈവത്തെക്കാണ്മാൻ വഹിയാ; എന്നാൽ ദൈവം സകലത്തേയും കാണുന്നു, എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു, എല്ലാവറെറയും, നമ്മുടെ എത്രയും രഹസ്യവിചാരങ്ങളെക്കൂടെയും, അറിഞ്ഞുമിരിക്കുന്നു. ദൈവം സർവ്വവല്ലഭനും, അവധിയില്ലാത്ത ഗുണസ്വരൂപിയും നീതിമാനും പരിശുദ്ധനുമാകുന്നു; ഇതിനാൽ നല്ലവക്ക സമ്മാനവും ദുഷ്ടക്ക ശിക്ഷയും നൽകിയരുളുന്ന ദൈവത്തിന്നു മാററവും ഭേദഗതിയുമില്ല; സദാ ഒന്നുപോലെയിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ ദൈവം സകല പരിപൂർണ്ണതകളോടും കൂടിയവനാകുന്നു.

### പരിശുദ്ധ തമത്രീത്വം.

ഈ ഏക ദൈവത്തിൽ തമ്മിൽ തമ്മിൽ വ്യത്യാസപ്പെട്ട മൂന്നാളുകൾ ഉണ്ട്. ഒന്നാമത്തെയാൾ 'ബാവാ'യെന്നും, രണ്ടാമത്തെയാൾ 'പുത്രൻ' എന്നും, മൂന്നാമത്തെയാൾ 'റൂഹാദക്കുദശാ' എന്നും വിളിക്കപ്പെടുന്നു. ബാവാ ദൈവമാകുന്നു, പുത്രൻ ദൈവമാകുന്നു, റൂഹാദക്കുദശായും ദൈവമാകുന്നു. ബാവാ ആരിൽ നിന്നുമല്ല; പുത്രൻ അനാദിമുതൽ ബാവായിൽ നിന്നു ജനിക്കുന്നു; റൂഹാദക്കുദശാ ബാവായിൽനിന്നും പുത്രനിൽ നിന്നും അ

നാദിമുതൽതന്നെ പുറപ്പെടുന്നു. എങ്കിലും മൂന്നു ദേവന്മാരാവട്ടെ, ഒരു ദൈവയാളിന്നു മററു ദൈവായാളിനേക്കാൾ മൂപ്പോ ഇളപ്പമൊ, വലിപ്പമൊ ചെറുപ്പമൊ ആവട്ടെ ഇല്ല; പിന്നെയൊ ആദിയന്തമില്ലായ്മ, സൎവ്വശക്തിജ്ഞാനം ആദിയായ സകല സംഗതികളിലും പൂൎണ്ണസമന്മാരായ മൂന്നാളുകൾക്കും കൂടി ഒരേക ദൈവസ്വഭാവവും, ഒരേക അറിവും ഒരേക മനസ്സും ഉള്ളതിനാൽ മൂവരും കൂടി ഒരേക ദൈവം മാത്രമേ ആകുന്നുള്ളൂ. മനുഷ്യബുദ്ധിക്കു ഗ്രഹിപ്പാൻ പ്രയാസമുള്ള ഈ സംഗതികളെയാകുന്നു 'എത്രയും പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യം' എന്നു പറയപ്പെടുന്നതു്.

## സൃഷ്ടി.

ദൈവമാകുന്നു ആകാശത്തേയും ഭൂമിയേയും അവയിലുള്ള എല്ലാവറെറയും സൃഷ്ടിച്ചതു്. അവിടുന്നു ഇവയെയെല്ലാം 'ഉണ്ടാകട്ടെ' എന്നുള്ള ഒരേക ചിത്തം മാത്രംകൊണ്ടു് ഇല്ലായ്മയിൽ നിന്നു സൃഷ്ടിച്ചു. എല്ലാ വസ്തുക്കളെയും തന്റെ ദൈവീക പരിപാലനയാൽ ഭരിച്ചുകൊണ്ടും വരുന്നു. അവിടുന്നു തന്റെ ശുശ്രൂഷക്കായി അനേക നിൎമ്മല അരൂപികളെ സൃഷ്ടിച്ചിട്ടുണ്ടു്. 'മാലാഖാമാർ' എന്നു വിളിക്കപ്പെടുന്ന ഈ വാനരൂപികളിൽ ഒരു സാരമായ ഭാഗം നിഗളം ഹേതുവായി ദൈവത്തോടു മറുത്തുപിഴച്ചതിനാൽ ദുഷ്ടക്കായി തയാറാക്കപ്പെട്ടിട്ടുള്ള ദുഃഖദുരിതങ്ങൾ നിറഞ്ഞസ്ഥലമായ നരകത്തിലേക്കു സ്വൎഗ്ഗത്തിൽ നിന്നും തള്ളപ്പെട്ടു. ഇവരത്രേ 'പിശാചുക്കൾ' എന്നു വിളിക്കപ്പെടുന്നവർ. ദൈവത്തിന്നു വിശ്വസ്തരായി നിന്നശേഷമുള്ളവർ ഇപ്പോഴും സ്വൎഗ്ഗത്തിൽ ആനന്ദഭാഗ്യം അനുഭവിക്കുന്നു.

ദൈവം മനുഷ്യരായ നമ്മുടെ ഉപയോഗത്തിന്നായി സൂൎയ്യചന്ദ്രാദി നക്ഷത്രഗ്രഹങ്ങളേയും, പുല്ലുവൃക്ഷാദികളെയും ജീവജന്തുക്കളേയും നിൎമ്മിച്ചു. എന്നാൽ അവിടുന്നു മനുഷ്യനെ മാത്രം 'തന്നെ അറിഞ്ഞുസ്നേഹിച്ചു തന്റെ ശുദ്ധമാൎഗ്ഗം കാത്തുകൊണ്ടു തനിക്കു ഇഹലോകത്തിൽ ശുശ്രൂഷ ചെയ്തശേഷം പരലോകത്തിൽ സദാ തന്നോടുകൂടെ ഭാഗ്യപ്പെടുന്നതിന്നായി' തന്റെ സ്വന്ത ഛായയിൽ സൃഷ്ടിപ്പാൻ ചിത്തമായി. ഈ ഛായ മുഖ്യമായി നമ്മുടെ ആത്മാവിലത്രേ കാണപ്പെടുന്നതു്. മനുഷ്യൻ ഈ ലോകത്തിൽ ചുരുങ്ങിയ കാലം ജീവിച്ചിട്ടു മരിക്കയും, മരണശേഷം വിധിക്കപ്പെട്ടു തന്റെ പ്രവൃത്തികൾക്കു അനുസരണമായ പ്രതിസമ്മാനമൊ ശിക്ഷയൊ കൈക്കൊൾകയും ചെയ്യും. മനുഷ്യന്റെ നിത്യഭാഗ്യം അഥവാ നിത്യനിൎഭാഗ്യം മരണസമയത്തെ അവന്റെ മനസ്സാക്ഷിയുടെ സ്ഥിതിക്കു് അനുരൂപമായിരിക്കും. മരണം മൂലം മനുഷ്യന്റെ ആത്മാവു ശരീരത്തിൽനിന്നു വേർപിരിയുമെങ്കിലും, മരണമില്ലാത്തതും അരൂപിയുമായ ആത്മാവു എന്നേക്കും ജീവിക്കും.

## ജന്മപാപം.

സകല മനുഷ്യരുടെയും ആദിപിതാവായി ദൈവം 'ആദ'ത്തെ മണ്ണിൽനിന്നും, ആദിമാതാവായി 'ഹാവാ'യെ ആദത്തിന്റെ ഒരു വാരിയെല്ലിൽ നിന്നും സൃഷ്ടിച്ചു്, ഇരുവരെയും എത്രയും ആനന്ദജനകമായ 'പറുദീസ' തോട്ടത്തിൽ സ്ഥാപിച്ചു. ഇവൎക്കു അവിടെയുണ്ടായിരുന്ന സകല വസ്തുക്കളും അനുഭവിപ്പാൻ പൂൎണ്ണ സ്വാതന്ത്ര്യമുണ്ടായിരുന്നുവെങ്കിലും ഒരു പ്രത്യേക വൃക്ഷത്തിന്റെ കനിയെ തിന്നരുതെന്നും, ഈ കല്പനയെ ലംഘിക്കുന്നപക്ഷം അവൎക്കു നൽകപ്പെട്ടിരുന്ന മരണമില്ലായ്മയുടെ ദാനം നഷ്ടീഭവിക്കുന്നതാണെന്നും അവരോടു ദൈവം കല്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അവർ പിശാചിന്റെ പ്രേരണയാൽ ഈ ദൈവകല്പനയെ ലംഘിക്ക നിമിത്തം ഭൌമ്യപറുദീസായിൽ നിന്നു ബഹിഷ്കരിക്കപ്പെടുകയും അവരും അവരുടെ സന്താനങ്ങളും അദ്ധ്വാനവും, ദുഃഖാരിഷ്ടങ്ങളും മരണവും അനുഭവിക്കേണ്ടതിന്നായി വിധിക്കപ്പെടുകയും ചെയ്തു. കൂടാതെയും ഇതിനാലെ മനുഷ്യഗണത്തിന്നു സ്വൎഗ്ഗീയ അവകാശം കൂടെയും നഷ്ടീഭവിച്ചുപോയി. നമ്മുടെ ആദിമാതാപിതാക്കളുടെ ഈ അനുസരണക്കേടിന്റെ 'പാപക്കറ' അനന്തരാവകാശമുറയ്ക്കു നമ്മിൽ ഓരോരുത്തനിലും ജനിക്കുമ്പോൾതന്നെ ഉണ്ടാ

യിരിക്കുന്നു. ഇതാകുന്നു "ജന്മപാപം" അഥവാ ഉത്ഭവദോഷം എന്നു പറയപ്പെടുന്നത്. ഒരുവനിൽ ഇതല്ലാതെ വേറെ യാതൊരു പാപവുമില്ലായെന്നിരുന്നാലും അവൻ രക്ഷ പ്രാപിക്കാതിരിക്കുന്നതിന്നു ഇതു വേണ്ടുവോളം മതിയായിരിക്കുന്നു. ഇതിനാലത്രെ ജന്മപാപത്തോടുകൂടെ മരിക്കുന്നവർ രക്ഷപെടുകയില്ലായെന്നു പറയുന്നത്.

## മനുഷ്യാവതാരം.

ഈ വിധത്തിൽ നശിച്ചിരുന്ന മനുഷ്യവൎഗ്ഗത്തിന്റെ നേരെ കൃപാനിധിയായ ദൈവത്തിനു അനുഗ്രഹം തോന്നിയതിനാൽ പിശാചിന്റെ ദാസ്യത്തിൽനിന്നു നമ്മെ രക്ഷിക്കു(താ)തിന്നും, നമുക്കു നഷ്ടമായ സ്വൎഗ്ഗീയാവ(കാ)ശം നമുക്കു വീണ്ടും തരുന്നതിന്നുമായി പരിശുദ്ധത്രീത്വത്തിന്റെ രണ്ടാമാളായ പുത്രൻതമ്പുരാൻ മനുഷ്യനായി അവതരിക്കുവാൻ അതായതു നമ്മേപ്പോലുള്ള ഒരു ശരീരവും ഒരു ആത്മാവും എടുത്തു പിറപ്പാൻ ചിത്തമായി. ആദം ദൈവത്തോടു മറുത്തുചെയ്ത ദ്രോഹം അറുതിയില്ലാത്തതായിരുന്നതിനാൽ, ആയതിന്നുള്ള പരിഹാരവും അറുതിയില്ലാത്തതാകേണ്ടിയിരുന്നു. എന്നാൽ അറുതിയുള്ളവരായ സകല സൃഷ്ടികളും ഒന്നിച്ചുചേൎന്നു കാലാകാലത്തോളം പരാക്രമസൽകൃത്യങ്ങൾ ചെയ്തിരുന്നാലും ആയതു ഒരു അറുതിയില്ലാത്ത പരിഹാരമാകുവാൻ പാടില്ല. ആകയാൽ ഇതിന്നു ഒരു നിവൎത്തിയുണ്ടാക്കി മനുഷ്യവൎഗ്ഗത്തിന്നു രക്ഷ വരുത്തിക്കൊടുക്കുന്നതിന്നായിട്ടാകുന്നു പുത്രൻ രമ്പുരാൻ മനുഷ്യനായി അവതരിച്ചത്.

ഇങ്ങിനെ മനുഷ്യനായി അവതരിച്ച പുത്രൻതമ്പുരാന്റെ പേർ 'ഈശോമ്ശിഹാ' എന്നാകുന്നു. ഈശോമ്ശിഹായിൽ രണ്ടു സ്വഭാവങ്ങൾ ഉണ്ട്. അതായത് ദൈവസ്വഭാവവും മനുഷ്യസ്വഭാവവും. എന്നാൽ ആൾ ഒന്നുമാത്രമേയുള്ളു; അതായതു പരിശുദ്ധ ത്രീത്വത്തിന്റെ രണ്ടാമാളായ പുത്രൻ തമ്പുരാന്റെ ദൈവിക ആൾമാത്രം. ഇതിനാൽ പുത്രൻതമ്പുരാൻ ദൈവമായിരുന്നുകൊണ്ടുതന്നെയാകുന്നു മനുഷ്യനായും അവതരിച്ചത്. ബാവായാവട്ടെ റൂഹാദക്കുദശായാവട്ടെ മനുഷ്യാവതാരം ചെയ്തിട്ടില്ല. എന്നാൽ മൂന്നു ദൈവാളുകൾക്കും കൂടെ ഒരേക സ്വഭാവം മാത്രമുള്ളതിനാൽ ഓരോരുത്തൎക്കും വേർതിരിഞ്ഞിരിക്കാവതല്ലാത്തതുകൊണ്ട് മനുഷ്യാവതാരം ചെയ്ത പുത്രൻതമ്പുരാനോടുകൂടെ ബാവായും റൂഹാദക്കുദശായും വേർതിരിയാത്ത വിധത്തിൽ (Concomitantly) ഉണ്ടായിരുന്നു. എങ്കിലും ബാവായും റൂഹാദ്ക്കുദശായും മനുഷ്യാവതാരം ചെയ്തു എന്നു പറഞ്ഞുകൂടാ. ബാവായേയും റൂഹാദക്കുദശായേയും പോലെ തന്നെ പുത്രനും ആദിയുമറുതിയുമില്ലാത്ത ദൈവമാകുന്നു. എന്നാൽ അവിടുന്നു നിത്യനായ മനുഷ്യനെന്നു പറഞ്ഞുകൂടാ. എന്തെന്നാൽ തന്റെ മനുഷ്യാവതാരത്തിന്നു ആദിയുണ്ട്. ആയതു സംഭവിച്ചിട്ടു ൧൯൦൦-ൽ പരം വത്സരങ്ങൾ മാത്രമേ ആയിട്ടുള്ളു.

പുത്രൻതമ്പുരാൻ പരിശുദ്ധ ക. മറിയത്തിന്റെ നിൎമ്മല ഉദരത്തിൽ ഒരു മനുഷ്യാത്മാവും ഒരു മനുഷ്യ ശരീരവും എടുക്കുകയും റൂഹാ ദ്ക്കുദശാ തമ്പുരാന്റെ പ്രവൃത്തിയാലെ അതിൽ ഉത്ഭവിക്കയുമത്രേ ചെയ്തത്. ഇതാകുന്നു "മനുഷ്യാവതാരമെന്ന ദൈവരഹസ്യം." ഈ സംഭവത്തിന്റെ ഓൎമ്മയേയാകുന്നു പ്രതിവൎഷം മീനം ൨൫-ാംതീയതി തിരുനാളായി നാം ആഘോഷിച്ചുവരുന്നത്. മനുഷ്യനായി അവതരിച്ച പുത്രൻതമ്പുരാനു പിതാവായി യാതൊരു മനുഷ്യനുമില്ല; അവിടത്തെ മാതാവായിത്തീൎന്നതു പരി. ക. മറിയമാകുന്നു; ഇവളുടെ ഭൎത്താവായ വി. യൌസേപ്പ് അവിടത്തെ വളൎത്തുപിതാവു മാത്രമെ ആകുന്നുള്ളു. പരിശുദ്ധ മറിയമാവട്ടെ തന്റെ കുമാരനായി അവതരിച്ച പുത്രൻതമ്പുരാന്റെ പ്രത്യേക വരപ്രസാദ സഹായത്താൽ, ജന്മപാപക്കറ കൂടാതെ ജനിക്കയും തന്റെ ജനനം മുതൽ മരണംവരെ കന്യാത്വത്തെ നഷ്ടമാക്കാതെ ജീവിക്കയും ചെയ്തിട്ടുണ്ട്. ഈ നിൎമ്മലകന്യക ജന്മപാപമെന്യേ ജനിച്ചതിന്റെ ഓൎമ്മ ധനു ൮-ാംനു-യും ദൈവപുത്രൻ മനുഷ്യനായി പിറന്നതിന്റെ ഓൎമ്മ ധനു ൨൫-ാംനു-യുമായി പ്രതിവത്സരം നാം ആഘോഷിച്ചും വരുന്നു.

മനുഷ്യാവതാരം ചെയ്ത ദൈവപു

ത്തൻ ബേസ്ലഹമ്മിൽ ഒരു തൊഴുക്കൂട്ടിലത്രേ പിറന്നതു്. പിറന്നതിൻെറ എട്ടാം ദിനം ഛേദനാചാരം ചെയ്യപ്പെട്ടു് രക്ഷകനെന്നൎത്ഥമുള്ള "ഈശോ" എന്ന നാമകരണം ചെയ്യപ്പെട്ടു. അവിടുന്നു ദാരിദ്ര്യത്തിലും, എളിമയിലും, മറെറല്ലാ പുണ്യങ്ങളുടെയും അഭ്യസനത്തിലുമായി ഈ ലോകത്തിൽ ൩൩ വൎഷം ജീവിച്ചു് ഏവൻഗേലിക്കടുത്ത സത്യങ്ങളെ പഠിപ്പിക്കയും, തൻെറ ദൈവികത്വത്തെ തെളിയിക്കുന്ന ഒട്ടുവളരെ അത്ഭുതങ്ങളെ പ്രവൃത്തിക്കയും ചെയ്തു. ദൈവം തൻെറ ദീൎഘദശികൾ വഴിയായി ഒരു രക്ഷകനെപ്പററി മുൻകൂട്ടി അറിയിച്ചിരുന്ന സകല പ്രവചനങ്ങളും പരിപൂൎണ്ണമായും സൂക്ഷ്മമായും ഈ ആളിൽ നിറവേറിയിട്ടുമുണ്ടു്. (തുടരും.)

ഫാദർ ഗ്രിഗോരി ഡി. സി.

## കർമ്മെലനാഥയുടെ കുഞ്ഞുമക്കൾക്കു്.

പ്രിയകുട്ടികളെ,

ആദ്യം തന്നെ നിങ്ങളെല്ലാവരോടും പുത്തനാണ്ടിൻെറ സന്തോഷം പറഞ്ഞുകൊള്ളുന്നു. പുതിയ കൊല്ലത്തിലേക്കു കടക്കുന്നതിനോടുകൂടി, പഴയ കൊല്ലത്തിലേക്കു അളവേ ഒരു നോട്ടം നോക്കുന്നതു വളരെ നന്നായിരിക്കും. അങ്ങിനെ നോക്കിച്ചെല്ലുമ്പോൾ, നമുക്കു തന്നേ രസിക്കാത്തതായി പല സംഗതികൾ നമ്മുടെ ജീവിതത്തിൽ കണ്ടുവെന്നു വന്നേക്കാം. അപ്പോൾ അതിന്മേൽ ഒരു മനസ്താപം തോന്നുകയും, ഇനി ആ വിധങ്ങളൊക്കെ ഒന്നു വ്യത്യാസപ്പെടുത്തി, പുത്തനായ ഒരു ജീവിതം ആരംഭിക്കണമെന്നുള്ള ഒരാഗ്രഹവും, നിശ്ചയവും പലരിലും ഉണ്ടാകയും ചെയ്യാറുണ്ടു്. എന്നാൽ പലപ്പോഴും നവവത്സരത്തിൻെറ ഒന്നാമത്തേമാസം അവസാനിക്കുന്നതിന്നു മുമ്പു തന്നെ ഇപ്രകാരമുള്ള നല്ല വിചാരങ്ങളും അവസാനിക്കുന്നതായിട്ടാണു് കണ്ടുവരാറുള്ളതു്. ഇയ്യാണ്ടു അങ്ങിനെ വരാതിരിക്കുന്നതിനുവേണ്ടിയുള്ള ഒരുപായമാണു് ഇപ്പോൾ നിങ്ങളോടു ഞാൻ പറവാൻപോകുന്നതു്.

### മാസമാദ്ധ്യസ്ഥന്മാർ.

മേല്പറഞ്ഞവിധത്തിലുള്ള നമ്മുടെ ആഗ്രഹങ്ങളേയും, പ്രതിജ്ഞകളേയും നിലനിറുത്തിക്കൊണ്ടുപോകുന്നതിന്നും, അതിനടുത്ത പ്രകാരത്തിൽ നമ്മുടെ ജീവിതത്തിൻെറ ഓരോ ദിവസത്തേയും ക്രമപ്പെടുത്തിക്കൊണ്ടുപോകുന്നതിന്നുമായി ചില സഹായികളെ കണ്ടുപിടിക്കണം. ഈ വിഷയത്തിൽ എന്തു സഹായവും നമുക്കു ചെയ്തുതരുന്നതിന്നു സദാ തയ്യാറായി എണ്ണമില്ലാത്ത പുണ്യാത്മാക്കൾ ആകാശമോക്ഷത്തിലിരിപ്പുണ്ടു്. ഈ ലോകത്തിലെ ജീവിതം എത്ര വിഷമമുള്ളതാണെന്നും, സ്വൎഗ്ഗത്തിൽ ചെന്നുചേരുന്നതിന്നു മുമ്പു, എന്തെല്ലാം ശത്രുക്കളോടെല്ലാം, ഏതെല്ലാം വിധത്തിലൊക്കെ യുദ്ധം ചെയ്യേണ്ടതായിട്ടുണ്ടെന്നും സ്വന്ത അനുഭവം കൊണ്ടു അവർ അറിഞ്ഞിട്ടുള്ളതിനാൽ, അവരുടെ സഹായത്തിന്നു നമ്മേ തന്നെ ഏൾപ്പിച്ചാൽ നമുക്കു പിന്നെ അത്രയധികമൊന്നും ഭയപ്പെടാനുണ്ടാകയില്ല. അതുകൊണ്ടു ഓരോമാസത്തിൻേറയും ആരംഭത്തിൽ ഇങ്ങിനെയുള്ള ഒരു മാദ്ധ്യസ്ഥനെ നിശ്ചയിച്ചു സ്വീകരിച്ചു, ആ ദേഹത്തിൻെറ കൈകളിൽ നമ്മേ മുഴുവനും ഏൾപിച്ചുകൊടുക്കണം. നമുക്കു അത്യന്തം പ്രിയമുള്ള നമ്മുടെ ചാൎച്ചക്കാരിലൊരുവൻ നമ്മുടെ വീട്ടിൽവന്നു ഒരു മാസത്തേക്കു താമസിക്കയാണെന്നു വിചാരിക്കുക. അപ്പോൾ നാം ഏതുവിധത്തിലൊക്കെ അയാളോടു പ്രവൎത്തിക്കുമോ, അതുപോലെ തന്നെ അതാതു മാസത്തെ നമ്മുടെ ഈ മദ്ധ്യസ്ഥനോടും നാം പെരുമാറുമെങ്കിൽ, കാൎയ്യങ്ങളൊക്കെ ശുഭമായിട്ടു തന്നെ വരും. അങ്ങിനെയൊരു സംബന്ധിവീട്ടിൽ വന്നുചേൎന്നാൽ അയാളോടുകൂടെ സദാ ഇരിക്കുന്നതിന്നും, സ്നേ

ഹ സല്ലാപം ചെയ്യുന്നതിനും നിങ്ങൾ എത്രയൊ താല്പൎയ്യമുള്ളവരായിരിക്കും? അയാളോടു ആലോചന ചോദിക്കാതെ വല്ലകാൎയ്യവും ആ ദിവസങ്ങളിൽ നിങ്ങൾ നടത്തുമോ? വല്ലവിശേഷ സാധനവും നിങ്ങളുടെ കൈവശം കിട്ടിയാൽ അതു ആയാളേകൊണ്ടു കാണിക്കുന്നതിന്നും, ഒരു പക്ഷേ അയാൾക്കു സമ്മാനിക്കുന്നതിന്നും എത്ര ഉത്സാഹമാണു നിങ്ങൾ കാണിക്കാറുള്ളതു്? ആയാളിന്റെ പക്കൽ അപൂൎവ്വമായ വല്ല പദാൎത്ഥവും ഉണ്ടെങ്കിൽ അതെടുത്തു പരിശോധനചെയ്തു കാണുന്നതിന്നും, നിവൃത്തിയുണ്ടെങ്കിൽ അതു കൈക്കലാക്കുന്നതിന്നും നിങ്ങൾ എത്രയോ ശ്രദ്ധയുള്ളവരായിരിക്കും? ഇതൊക്കെത്തന്നെയാണ് നിങ്ങളുടെ മാദ്ധ്യസ്ഥന്മാരോടും നിങ്ങൾ ചെയ്യേണ്ടതു്. കൂടക്കൂടെ അവരെ ഓൎക്കുകയും, ഹൃദയംകൊണ്ടു പാടുപോലെ സദാ അവരോടുകൂടെ ഒന്നിച്ചിരിക്കുകയും, ദിവസേനയുള്ള നമ്മുടെ സകല പ്രവൃത്തികളേയും, അവരുവഴിയായി ദൈവത്തിന്നു കാഴ്ചകൊടുക്കുകയും, നമ്മുടെ കാൎയ്യാദികളിലെല്ലാം അവരോടു ആലോചനചോദിക്കുകയും, സമയം കിട്ടുമ്പോഴൊക്കെയും അവരുമായി സ്നേഹസംഭാഷണം ചെയ്കയും, സുകൃതജപങ്ങൾ ചെറിയ ചെറിയ പുണ്യപ്രവൃത്തികൾ ആദിയായ സമ്മാനങ്ങൾ അവൎക്കു കൊണ്ടുചെന്നു സമൎപ്പിക്കുകയും അവരിൽ വിളങ്ങുന്ന പ്രത്യേക പുണ്യങ്ങളെ സൂക്ഷിച്ചുകാണുകയും, കണ്ടു പഠിച്ചു, പ്രവൃത്തിയാലെ കൈവശമാക്കുന്നതിന്നു ശ്രമിക്കുകയും ചെയ്യുവരുമെങ്കിൽ, അവർ നമുക്കു സാക്ഷാലുള്ള സ്നേഹിതന്മാരായി തീരുകയും, അവരുടെ സഹായങ്ങൾ ദിവസേന ലഭിക്കുന്നതിനിടവരികയും ചെയ്യും.

പതിനേഴ വയസ്സിൽ മഹാ പുണ്യവാനായി മരിച്ച വി. സ്തനിസ്ലാവോസിനേക്കുറിച്ചു നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കണം. ആ പശ്ശുദ്ധ ബാലൻ തന്റെ ജീവിതകാലം മുഴുവനും, ഇപ്രകാരം ഓരോ മാസമദ്ധ്യസ്ഥന്മാരെ നിശ്ചയിച്ച് അവരെ വണങ്ങി വരികയും, അവരുടെ പേരുകളെല്ലാം ചേൎത്തു ഒരു ലുത്തിനിയായായിട്ടു എഴുതിവച്ചിരുന്നതിനെ ചൊല്ലിക്കൊണ്ടു ഭാഗ്യമായി മരിക്കയും ചെയ്തു.

## മകരമാസം.

### വി ഫ്രൻസീസ്കോസ് സാലേസ്.

ഈ മാസം ൨൯നു- വി. ഫ്രൻസീസ്കോസ് സാലേസ് എന്ന ഒരു മഹാ പുണ്യവാന്റെ തിരുനാളാണ് തിരുസഭയിൽ ആഘോഷിക്കപ്പെട്ടുവരുന്നതു്. ഈ പുണ്യവാനെയാണ് ഈ മാസത്തെ നിങ്ങളുടെ മദ്ധ്യസ്ഥനായി ഞാൻ നിശ്ചയിച്ചുതരുന്നതു്. പതിനാറാം നൂററാണ്ടിന്റെ മദ്ധ്യകാലത്തായി, ഫ്രാൻസുരാജ്യത്തിൽ കീൎത്തിപ്പെട്ട ഒരു പ്രഭുകുലത്തിൽ ജനിച്ചു, പുണ്യത്തിലും ശാസ്ത്രത്തിലും മികച്ചവനായി വളൎന്നു, വൈദിക അന്തസ്സിൽ ചേൎന്നു കടശി മെത്രാനായി തന്റെ അമ്പത്തഞ്ചാമത്തെ വയസ്സിൽ പരലോകപ്രാപ്തനായ ഇദ്ദേഹത്തെ ഈ മാസത്തിൽ നിങ്ങളുടെ മാദ്ധ്യസ്ഥനായി ഞാൻ കാണിച്ചുതരുന്നതു, നിങ്ങൾ പ്രഭുക്കന്മാരായി തീരുന്നതിനോ, വൈദിക അന്തസ്സിൽ പ്രവേശിക്കുന്നതിനോ, മെത്രാൻ പട്ടം ആഗ്രഹിക്കുന്നതിനോ അല്ല; പിന്നെയോ ഇതിലെല്ലാം മേലായി ആ ദേഹത്തിൽ വിളങ്ങിയിരുന്ന ഒരു പുണ്യത്തിൽ ഈ മാസം മുഴുവൻ നിങ്ങളെ അഭ്യസിപ്പിക്കുന്നതിനായിട്ടത്രേ. ഇത്രവലിയ ആ പുണ്യം എന്താണെന്നായിരിക്കും ഇപ്പോൾ നിങ്ങളുടെ വിചാരം. എല്ലാ മനുഷ്യൎക്കും, പ്രത്യേകിച്ചു, കുട്ടികളായ നിങ്ങൾക്കും ഒഴിച്ചുകൂടാത്ത ഒരു പുണ്യമാണതു്. നമ്മുടെ ദിവ്യരക്ഷനാഥൻ തന്നെ പ്രത്യേകം നമുക്കുപദേശിച്ചുതന്നിട്ടുള്ള ഒരു പുണ്യമാണതു്. അതായതു, മാധുൎയ്യം നിറഞ്ഞ ഒരു ശാന്തസ്വഭാവം. ഇങ്ങിനേയുള്ള ഒരു മാധുൎയ്യശീലത്തേക്കുറിച്ചു ഓൎക്കാതെ, ഫ്രൻസീസ്കോസ് സലേസ് പുണ്യവാനേപ്പററി ചിന്തിക്കുന്നതിന്നു അദ്ദേഹത്തിന്റെ ചരിത്രം അല്പമെങ്കിലും അറിവുള്ള ഒരുത്തനും സാധിക്കുന്നതല്ല. അത്രയ്ക്കു ആ ദേഹത്തോടു സംബന്ധപ്പെട്ട ഒരു പുണ്യമായിട്ടാണ് ഇതിന്റെ ഇരിപ്പു. ഈവിധമുള്ള ഒരു മാധുൎയ്യസംപ്രദായം, ആളുകളെ വശത്താക്കുന്നതിനു എത്ര ഉപകരിക്കുന്നതാകുന്നുവെന്നുള്ളതിനെക്കുറിച്ചു പുണ്യവാൻ തന്നെ ഇപ്രകാരം പറഞ്ഞിരിക്കുന്നു. നൂറു

പറ വിന്നാഗിരികൊണ്ടെന്നതിനേക്കാൾ
അധികം ഈച്ചകളെ, ഒരു തുടം തേൻ
കൊണ്ടു പിടിപ്പെട്ടക്കാവുന്നതാണു്" പു
ണ്യവാന്റെ അനുഗ്രഹവും സൌമ്യത
യും കുറേ കടന്നുപോകുന്നതിനാൽ, മെ
ത്രാനടുത്ത കടങ്ങൾ നിൎവ്വഹിക്കുന്ന
തിൽ കുറവുവന്നുപോകുന്നില്ലയോ എന്നു
ശങ്കിച്ചു, അദ്ദേഹത്തിന്റെ സ്നേഹിതന്മാ
രിലൊരാൾ ഒരിക്കൽ അദ്ദേഹത്തോടി
ങ്ങിനെ പറകയുണ്ടായി. "ഫ്രൻസി
സ്സ്ലാസ് സാലേസ് സ്വൎഗ്ഗത്തിലേക്കു
പോകുമെന്നുള്ളതു നേരുതന്നെ. പക്ഷേ
ജെനീവാമെത്രാന്റെ കാൎയ്യം എങ്ങിനെ
യാകുമോ? എനിക്കറിഞ്ഞുകൂടാ." അതിനു
അദ്ദേഹം പറഞ്ഞ സമാധാനം ഇങ്ങി
നെയാണ്: "മിതമില്ലാത്ത കുറ്റപ്പെടുത്ത
ക്കാൾ, പതം കടന്ന അനുഗ്രഹശീലത്തി
നുവേണ്ടി ദൈവതിരുമുമ്പാകെ കണക്കു
കൊടുക്കുന്നതാണു് എനിക്കധികം ഇഷ്ടം"
ഈ ദേഹം പറഞ്ഞുവന്നിരുന്നതായതു്.
"പെട്ടെന്നുള്ള അരിശത്തെ ജയിക്കുന്നതി
നുള്ള ഏററം നല്ല മാൎഗ്ഗം ചിരിച്ചുകൊ
ണ്ടു മിണ്ടാതെയിരുന്നേക്കുകതന്നെ. സാ
ക്ഷാൽ ക്രിസ്ത്യാനിക്കടുത്ത ശാന്തസ്വഭാ
വമുള്ളവൻ എല്ലാവരോടും സ്നേഹവും ദ
യയുമുള്ളവനായിരിക്കും. ശേഷംമുപേരു
ടെ ബലഹീനതകളെ ക്ഷമിപ്പാൻ അവ
ൻ എപ്പോഴും തയാറാണ്. മററുള്ളവൎക്കു
ക്ലേശം വരുത്തുന്ന വാക്കുകളെ അവൻ
ഒരിക്കലും ഉപയോഗിക്കയില്ല. ആരേയും
ആകൎഷിക്കത്തക്ക ഒരു പ്രസന്നത എപ്പോ
ഴും അവന്റെ മുഖത്തു കളിയാടും."

ആകയാൽ പ്രിയപ്പെട്ട കുട്ടികളേ!
ഇപ്രകാരമുള്ള ഈ മാദ്ധ്യസ്ഥനെ, മേൽ
പറഞ്ഞുതന്നിട്ടുള്ള വിധത്തിൽ ഈ മാസം
മുഴുവൻ നിങ്ങൾ വണങ്ങി, അദ്ദേഹ
ത്തിന്റെ ഇഷ്ടം നിങ്ങൾ സമ്പാദിക്കയും,
കാണത്തക്കവിധത്തിൽ ആ മാധുൎയ്യ സ്വ
ഭാവത്തെ നിങ്ങളിൽ പകൎത്തുകയും ചെ
യ്യിൻ. അരിശവും ദുഃഖഭാവവും നിങ്ങ
ളിൽനിന്നു അകന്നിരിക്കട്ടെ. എപ്പോഴും
എല്ലാവരോടും സന്തോഷമുഖത്തോടെ ഇ
രുപ്പിൻ. അപ്പോൾ എല്ലാവരും നിങ്ങ
ളെ സ്നേഹിക്കയും, നിങ്ങളുടെ സമസ്തകാ
ൎയ്യങ്ങളും ശുഭമായി വരികയും ചെയ്യും.
ഇതിനായി പലപ്പോഴും ഈ പരിശുദ്ധ
നോടു നിങ്ങൾ അപേക്ഷിക്കണം. ഇതി
ന്നടുത്ത മാസത്തിൽ കണ്ടുകൊള്ളാം. എ
ല്ലാവൎക്കും സ്വസ്തി.

നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

## വി. അന്തോനിസിന്റെ മാദ്ധ്യസ്ഥ്യഫലങ്ങൾ.



ത്രിശ്ശിവപേരൂർ— എൽ. എ. എസ്. എ
ന്നൊരു മാന്യന്റെ സ്നേ
ഹിതൻ ഈ വിശുദ്ധ
ന്റെ സഹായത്താൽ ചീ
ഫ് ഡ്റാഫ്റ്റ്സ്'മാ
ൻ' ജോലിയിൽ നിന്നു
തെക്കെ ഡിവിഷനിലെ
അസിസ്ററണ്ടു എൻജി
നീയറായി ഉയൎത്തപ്പെ
ട്ടതിന്റെ നന്ദിപ്രകടി
പ്പിക്കുന്നു.

വൈക്കം തെക്കുംഭാഗം— പി. ജെ.
ജെ. ഒരു സഹായം ലഭിച്ചു.

പാലാ— കെ. ഇ. കെ. എഴുതുന്നതു്.
"അടുത്തമാസം ൧൭-ാംനു-ക്കകം എന്റെ
കണ്ണിൽദീനം ശമിക്കുന്നതായാൽ ഏഴുമാസാ
ദ്യ ചൊവ്വാഴ്ചകളിൽ അന്തോനീസുപുണ്യവാ
ന്റെ സ്തുതിക്കായി ആരാധന കഴിക്കാമെന്നും
വിവരം 'കുസുമ'ത്തിൽ പ്രസിദ്ധപ്പെടുത്താ
മെന്നും നേൎന്നു. നേൎച്ച തികച്ചതിനോടെ എ
നിക്കു പൂൎണ്ണശമനം ലഭിച്ചു. പഠനം നിറു
ത്തിയിരുന്ന ഞാൻ വീണ്ടും സ്കൂളിൽ ചേൎന്നു പഠി
ച്ചുവരുന്നു.

ചേൎത്തല— 'ഞാൻ പരീക്ഷയിൽ ജ
യിച്ചശേഷം ജോലികിട്ടുന്നതിന്നതിനു വിശു
ദ്ധ അന്തോനീസിനോടുനേൎന്നു. നേൎന്നതി
ന്റെപിറേറ ആഴ്ചയിൽ ജോലി കിട്ടുന്നതായാ
ൽ വിവരം പ്രസിദ്ധപ്പെടുത്താമെന്നും ഉറച്ചു

എൻെറ ആഗ്രഹം നിശ്ചിതസമയത്തു സഫലമാവുകയും ചെയ്തു.' (കെ. ജെ.)

തിരുവനന്തപുരം—"എൻെറ മാതാപിതാക്കന്മാരും അയൽവാസികളും തമ്മിൽ, ഒരുവരി തെങ്ങിനെ സംബന്ധിച്ചു തക്കമുണ്ടായി. രണ്ടു വഷത്തോളം തക്കത്തിലും വഴക്കിലും കിടന്നശേഷം ഒടുവിൽ വലിയ ലഹളയ്ക്കു ഇരുകൂട്ടരും ഒരുങ്ങി. ഈ ആപത്തിൽ നിന്നു രക്ഷ പ്രാപിക്കുന്നതിനായി ഞാൻ വിശുദ്ധ അന്തോനീസിനെ ശരണം പ്രാപിച്ചു. വിവരം കുസുമത്തിനെഴുതി അയക്കാമെന്നും നേന്നു. അല്പദിവസത്തിനുള്ളിൽ എൻെറ അപേക്ഷയെ പുണ്യവാൻ കേട്ടു. അത്ഭുതകരമാംവണ്ണം ഇരുകക്ഷികളും പെട്ടെന്നു യോജിച്ചു." (ബി. എസ്. വി.)

കാഞ്ഞിരപ്പള്ളി—"ഞാൻ ചങ്ങനാശേരിയിൽ നിന്നും മടങ്ങി വരുമ്പോൾ, മാൎഗ്ഗമദ്ധ്യേ കോളറാ ദീനം പിടിപെട്ടു. മുന്നോട്ടു ഒരു കാലെടുത്തു കുത്താൻ സ്വാധീനമില്ലാതെ, കൂരിരുട്ടത്തു് ഏകാകിയായി ഞാൻ വഴിയരികിൽ തളന്നുവീണു. അത്ഭുതപ്രവത്തകനായ വിശുദ്ധ അന്തോനീസിനെ മനസ്സിൽ ധ്യാനിച്ചുകൊണ്ടു, ഇങ്ങനെ പ്രാൎത്ഥിച്ചു: "സകല രോഗങ്ങളേയും ശമിപ്പിക്കുന്നതിനു ശക്തിയുള്ള അന്തോനീസു പുണ്യവാനേ! പെട്ടെന്നുണ്ടായ എൻെറ അസ്വാസ്ഥ്യത്തെ ശമിപ്പിക്കേണമേ! അങ്ങേ നാമത്തിൽ നൂതനമായി പണിയപ്പെട്ടിരിക്കുന്ന ചെങ്ങളത്തു ചെന്നു ഒരു കുബ്ബാന കാണുന്നതിനും ഞാൻ ഉറച്ചിരിക്കുന്നു. എൻെറ പ്രാർത്ഥനയും നിശ്ചയവും കഴിഞ്ഞ ക്ഷണത്തിൽ തന്നെ ഞാൻ അസ്വാസ്ഥ്യരഹിതനായിത്തീൎന്നു." (കെ. ഡി. സി.)

ഭരണങ്ങാനം— "കഴിഞ്ഞ മിഥുനമാസത്തിലുണ്ടായ അതിഭയങ്കര വെള്ളപ്പൊക്കത്തിനു എൻെറവക രണ്ടു പശുക്കിടാക്കൾ നഷ്ടപ്പെട്ടു. മനുഷ്യശ്രമത്താൽ വീണ്ടുകിട്ടുന്നതിനു അസാദ്ധ്യമായി തോന്നിയതിനാൽ, വിശുദ്ധ അന്തോനീസിൻെറ മാദ്ധ്യസ്ഥത്തെ ശരണംപ്രാപിക്കയും, അദ്ദേഹത്തിൻെറ നാമത്തിൽ പുതുതായി പണിതിട്ടുള്ള ചെങ്ങളത്തു പള്ളിയിൽ ഒരു ദിവ്യപൂജ ചൊല്ലിക്കാമെന്നും വിവരം കുസുമത്തിൽ പ്രസിദ്ധപ്പെടുത്താമെന്നും നേന്നു. ഇപ്പോളിതാ 'ചന' നിറഞ്ഞിരുന്ന എൻെറ കിടാക്കളെ രണ്ടിനേയും, കെട്ടിയിരുന്ന കയറുകളോടുകൂടി ഒരാൾ എന്നെ ഏല്പിച്ചിരിക്കുന്നു" (എം. എം. ജെ.)

## കാലംചെയ്ത രണ്ടു മെത്രാന്മാർ.

1. നി. വ. ദിവ്യശ്രീ പഴേപറമ്പിൽ മാർ ളൂയീസുമെത്രാനച്ചൻ തിരുമനസ്സുകൊണ്ടു്

എറണാകുളം വികാരി അപ്പോസ്തോലിക്കാ നി. വ. ദിവ്യശ്രീ മാർ ളൂയീസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് കഴിഞ്ഞ ഡിസംബർ ൯-ാംനു- അന്തിമക്രുദാശകളൊക്കെയും യഥാവിധി കൈക്കൊണ്ടു പരലോകപ്രാപ്തനായിരിക്കുന്ന വിവരം അത്യന്തം വ്യസനത്തോടുകൂടി അറിയിച്ചുകൊള്ളുന്നു. മരണകാരണമായ ആന്ത്രരോഗം ഇദ്ദേഹത്തെ ബാധിച്ചിട്ടു് അനേകം കൊല്ലങ്ങളായിട്ടുണ്ടെങ്കിലും, ദിനചൎയ്യയിലുള്ള നിഷ്ഠയും നിരന്തരമായ ചികിത്സയും നിമിത്തം മന്ദീഭവിച്ചു കിടന്നിരുന്ന ആ രോഗം, രണ്ടാഴ്ചകൾക്കു മുമ്പു് അസാധാരണമായ വിധത്തിൽ വദ്ധിക്കുകയുണ്ടായി. ഡാക്ടർ ക്രുംബ്സിൻെറ പ്രത്യേക ചികിത്സയിൽ രോഗത്തിനു് ഏറെക്കുറെ ശമനം കണ്ടിരുന്നുവെങ്കിലും ദൈവനിശ്ചയം അലംഘ്യമാണെന്നുള്ളതിനെ തെളിയിക്കുവാനോ എന്നു തോന്നുമാറു്, പെട്ടെന്നു ഇങ്ങനെ പൎയ്യവസാനിക്കയാണ് ഉണ്ടായതെന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ. പുളിങ്കുന്നിൽ സമ്പൽ സമൃദ്ധികൊണ്ടും കുലീനത്വംകൊണ്ടും സുപ്രസിദ്ധമായ പഴെപറമ്പിൽ കുടുംബത്തിൽ മാമ്മൻ ത്രേസ്യാ എന്നി മാതാപിതാക്കന്മാരുടെ ഏക പുത്രസന്താനമായിരുന്നു ഇദ്ദേഹം. ജനനം ൧൮൪൭ മാർച്ച് ൨൫നു- ആകയാൽ മരിക്കുമ്പോൾ പ്രായം ൭൨ വയസ്സിനോടു സമീപിച്ചിരുന്നുവെന്നു സ്പഷ്ടമാണല്ലോ. ഇദ്ദേഹം ൧൮൮൭-ൽ ഡാക്ടർ ലവീഞ്ഞു

മെത്രാനച്ചൻെറ സെക്രട്ടറി സ്ഥാനത്തിൽ നിയമിതനാകയും അദ്ദേഹത്തിൻെറ ശീമസ്സുള്ള യാത്രയിൽ ഒന്നിച്ചുപോവുകയും അവിടെവച്ചു ഇദ്ദേഹം ൧൮൯൬ ആഗസ്റ്റ് ൧൧-ാംനു- എറണാകുളം മെത്രാനായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ആയാണ്ടു ഒക്‍ടോബർ ൨൫-ാംനു- കാണ്ടിയിൽവച്ചു ഡലഗാദപ്പാസ്തോലിക്കാ മൊൺസിഞ്ഞോർ സെലസ്തി തിരുമേനിയാൽ അവിടുന്നു മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. ൧൯൦൫-ൽ മെത്രാനച്ചൻ രണ്ടാമതും റോമയ്ക്കു പോയി പത്താം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ സന്ദർശിക്കയും സ്വന്ത മിസ്സത്തിൻെറ നന്മയ്ക്കും സുറിയാനിപ്പള്ളികളുടെ പൊതുഗുണത്തിനും വേണ്ടി പല യത്നങ്ങൾ ചെയ്കയുമുണ്ടായി. ലൂയീസ് മെത്രാനച്ചൻെറ നിര്യാണം കേരളീയ കത്തോലിക്കർക്കു പൊതുവെയും എറണാകുളം മിസ്സത്തിനു പ്രത്യേകിച്ചും വലിയൊരു നഷ്ടമാണ്.

2. നി.വ. ദിവ്യശ്രീ മേനാച്ചേരിൽ മാർ യോഹന്നാൻ മെത്രാനച്ചൻതിരുമനസ്സുകൊണ്ട്

തൃശ്ശൂർ വികാരി അപ്പസ്തോലിക്കാ നി. വ. ദിവ്യശ്രീ മാർ യോഹന്നാൻ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു ഡിസമ്പർ ൧൯-ാംനു- വെള്ളിയാഴ്ച ഉച്ച കഴിഞ്ഞു് അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ട് ഹൃദ്രോഗത്താൽ പരലോകപ്രാപ്തനായിരിക്കുന്ന വിവരം അപാരമായ വ്യസനത്തോടുകൂടി വായനക്കാരെ അറിയിച്ചുകൊള്ളുന്നു. തിരുമനസ്സിലേയ്ക്കു ഒരു മാസത്തോളമായി നല്ല സുഖമില്ലാതിരിക്കയായിരുന്നെങ്കിലും അതിത്വരവേഗത്തിൽ ഇപ്രകാരമായി പരിണമിക്കുമെന്നാരുംതന്നെ നിരൂപിച്ചിരുന്നതല്ല. കൊച്ചിയിൽ ഞാറയ്ക്കലെ ഒരു മാന്യകുടുംബമായ മേനാച്ചേരിൽ ജാതനായ മാർ യോഹന്നാൻ മെത്രാനച്ചന്ന് മരിക്കുമ്പോൾ ൬൨- വയസ്സേ പ്രായമായിരുന്നുള്ളൂ. സാധാരണ വിദ്യാഭ്യാസം കഴിഞ്ഞശേഷം നന്നേ ചെറുപ്പംമുതൽക്കേ ഉണ്ടായിരുന്ന ആഗ്രഹമനുസരിച്ച് വൈദിക വിദ്യാഭ്യാസത്തിനായി അവിടുന്നു പുത്തൻപള്ളി സെമിനാരിയിൽ ചേരുകയും പഠനങ്ങൾ പൂർത്തിയായി വൈദികപട്ടം സിദ്ധിച്ചശേഷം ഏതാനും കൊല്ലങ്ങളോളം ഇടവകഭരണം സാമർത്ഥ്യപൂർവ്വം നടത്തുകയുംചെയ്തു. കാലവശഗതനായ മെഡിലിക്കോട്ടു മെത്രാനച്ചൻ തൃശ്ശൂർ മെത്രാനായി നിയമിതനായപ്പോൾ അവിടുന്നു ഇദ്ദേഹത്തെ, നാനായോഗ്യതകൾ കണ്ടിട്ട് സെക്രട്ടറിസ്ഥാനത്തിൽ നിയമിക്കയുണ്ടായി. ഇദ്ദേഹം മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടതു് ൧൮൯൬ ഒക്ടോബർ ൨൫-നു- കാണ്ടിയിൽവച്ചു ഡലഗാദപ്പസ്തോലിക്കയായിരുന്ന മോൺസിഞ്ഞോർ സെലസ്തി തിരുമേനിയാലാണ്. യോഹന്നാൻ മെത്രാനച്ചൻ തൃശ്ശൂർ വികാരി അപ്പൊസ്തോലിക്കായായശേഷം അവിടെയുള്ള ശീശ്മക്കാരുമായി എതിരിടേണ്ട ആവശ്യം നേരിടുകയും, നിരന്തരവും നിസ്തന്ദ്രവും വിവേകപൂർവ്വകവുമായ പ്രയത്നങ്ങൾ നിമിത്തം അവരിൽ വളരെ ആളുകളെ തിരികെ കത്തോലിക്കസഭയിലേക്കു ചേർക്കുന്നതിനു അദ്ദേഹത്തിനു സാധിക്കയും ചെയ്തു. തിരുമനസ്സിലെ ൨൩- കൊല്ലക്കാലത്തെ ഭരണത്തിൽ തൃശ്ശൂർ മിസ്സത്തിനു നാനാമുഖങ്ങളായ അഭിവൃദ്ധികൾ ഉണ്ടായിട്ടുണ്ട്. സ്വാധികാരത്തിലുള്ള ജനങ്ങളുടെ സാമുദായികവും രാജ്യഭരണസംബന്ധവുമായ ഉന്നമനത്തിലും തിരുമനസ്സുകൊണ്ടു പ്രത്യേക പ്രതിപത്തി പ്രദർശിപ്പിച്ചുപോന്നു. ഇദ്ദേഹം സ്വന്തജനങ്ങളെ ഹൃദയപൂർവ്വം സ്നേഹിക്കയും തദ്വാരാ അവരുടെ ഗാഢമായ സ്നേഹബഹുമാനങ്ങൾക്കു അർഹീഭവിക്കയും ചെയ്തിരുന്നു. ഇങ്ങനെ നാനാപ്രകാരേണ യോഗ്യനായിരുന്ന മാർ യോഹന്നാൻ മെത്രാനച്ചൻ തിരുമനസ്സിലെ നിര്യാണം, തൃശ്ശൂർ മിസ്സത്തിനു പ്രത്യേകിച്ചും കേരളത്തിലെ കത്തോലിക്കസമുദായത്തിനു പൊതുവേയും ഒരു വലിയ നഷ്ടംതന്നെയാണ്.

ഈ വന്ദ്യവൈദിക മേലദ്ധ്യക്ഷന്മാരുടെ നിത്യസമാധാനത്തിനായി 'കുസുമ' വായനക്കാർ പ്രാർത്ഥിപ്പാറാകണം.

# തിരുഹൃദയഭക്തന്മാർ ൧൯൨൦ മകരമാസത്തിൽ വയ്ക്കേണ്ട പൊതുനിയോഗം.

"പാപികളുടെ മനസ്സുതിരിവ്."



ഇതു് നമ്മുടെ കൎത്താവിൻെറ തിരുഹൃദയത്തിൽനിന്നു പുറപ്പെട്ടിട്ടുള്ളതും സുവിശേഷത്തിൽ വ്യക്തമായി രേഖപ്പെടുത്തിട്ടുള്ളതുമായ നിയോഗമാണ്. ഞാൻവന്നിരിക്കുന്നതു "പാപികളെ വിളിക്കുന്നതിന്നായിട്ടാകുന്നു" എന്നി തിരുവചനങ്ങൾ, പാപികളുടെ മനസ്സുതിരിവ് എത്ര പ്രധാനമായി നമ്മുടെ കൎത്താവിൻെറ തിരുഹൃദയത്തിൽ നിയോഗിക്കപ്പെട്ടിരിക്കുന്നു എന്നു തെളിയിക്കുന്നുണ്ടു്. ഈ പ്രധാന നിയോഗത്തിൻെറ സാദ്ധ്യത്തിന്നുള്ള മാൎഗ്ഗങ്ങളായിട്ടു മാത്രമെ മററു നിയോഗങ്ങൾ ഉപകരിക്കുന്നുള്ളു. "ഭൂമിയിൽ തീയിടുവാൻ ഞാൻ വന്നു, അതു പററി എരിവാനല്ലാതെ മറെറന്തു ഞാൻ ആഗ്രഹിക്കുന്നു. (ലൂക്കാ ൧൨. ൪൯.) എന്നുള്ള തിരുവചനങ്ങളും പ്രസ്തുത നിയോഗത്തെതന്നെ ചൂണ്ടിക്കാണിക്കുന്നു. ലോകമായങ്ങളുടെ സ്നേഹത്താൽ ജഡലിച്ചിരിക്കുന്ന പാപികളുടെ ഹൃദയങ്ങളിൽ ശരിയായ മാനസാന്തരംമൂലം ദൈവസ്നേഹാഗ്നി കത്തി എരിയണമെന്നത്രേ ഈ തിരുവചനങ്ങളുടെ ഉദ്ദേശം. ആകയാൽ പാപികളുടെ മനസ്സുതിരിവ് നമ്മുടെ കൎത്താവിൻെറ തിരുഹൃദയത്തിന്നേറ്റവും ഇഷ്ടമുള്ള വിഷയമായിരിക്കുന്നു. തൻെറ മനുഷ്യാവതാരവും വേദപ്രസംഗവും പാടുപീഡകളും കുരിശുമരണവും പാപികളുടെ രക്ഷയ്ക്കു വേണ്ടിയത്രേ. അപ്പഴൊ നാമെല്ലാവരും നമ്മുടെ കൎത്താവിൻെറ നിയോഗത്തോടു യോജിച്ചുകൊണ്ടു പാപികളുടെ മനസ്സുതിരിവിന്നായിട്ടു പ്രാൎത്ഥിക്കേണ്ടിയിരിക്കുന്നു.

## പ്രസാധകക്കുറിപ്പുകളും വർത്തമാനങ്ങളും.

എറണാകുളം വികാരി അപ്പൊസ്തോലിക്കാ നി. വ. ദിവ്യശ്രീ കണ്ടത്തിൽ മാർ അഗസ്റ്റീനോസ് മെത്രാനച്ചൻ അവർകളുടെ സ്ഥാനാരോഹണകൎമ്മം കഴിഞ്ഞ ഡിസമ്പർ ൧൮-ാനു- വ്യാഴാഴ്ച എറണാകുളം സുറിയാനിപ്പള്ളിയിൽവച്ചു അഘോഷപൂൎവ്വം നടത്തപ്പെട്ടിരിക്കുന്നു. ഈ ശുഭാവസരത്തിൽ നവാഭിഷിക്തനായ മാർ അഗസ്റ്റീനോസു മെത്രാനച്ചൻ തിരുമനസ്സിലേക്ക് ഞങ്ങൾ സൎവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു. ളൂയീസ് മെത്രാനച്ചൻ തിരുമനസ്സിലെ സമുചിതാനന്തരഗാമിയായ, തിരുമനസ്സുകൊണ്ടു് എറണാകുളം വികാരിയാത്തിനെ ശ്രേയസ്കരമായ വിധത്തിൽ ചിരകാലം ഭരിച്ചരുളുന്നതിനു സൎവ്വശക്തൻ സംഗതിവരുത്തട്ടെ.

* * *

മോന്ത്മാത്രോർ എന്ന മഹാ ദേവാലയത്തിൻെറ പ്രതിഷ്ഠാകൎമ്മത്തിൽ സംബന്ധിക്കാനായി മാൎപ്പാപ്പായുടെ പ്രതിപുരുഷനായി ഫ്രാൻസിലേക്കു അയക്കപ്പെട്ടിരുന്ന വിക്കൊ കർദിനാൾ തിരുമേനിയുടെ പാരീസിലെ താമസത്തിനിടയ്ക്കു ഫ്രാൻസും വത്തിക്കാനും തമ്മിലുള്ള രാ

ഷ്ട്രീയ ബന്ധത്തെ പുനഃസ്ഥാപിക്കുന്നതിനെപ്പററി അവിടത്തെ ഗവമ്മേണ്ടുമായി എന്തെങ്കിലും ആലോചന നടത്തിയിരിക്കുമെന്നാണ് പലരുടെയും ഊഹം. വീക്കൊ കർദിനാൾ റോമയിൽനിന്നു പുറപ്പെടുന്നതിന്നു മുമ്പു പരിശുദ്ധ പിതാവിനെയും സ്റ്റേയിററു സെക്രട്ടറി ഗസ്പാറി കർദിനാളിനെയും കണ്ടു ദീർഘനേരം സംഭാഷണം നടത്തിയതിൽനിന്നാണ് ഇങ്ങിനെ ഒരു ഊഹത്തിനു മാർഗ്ഗമുണ്ടായത്. യഥാർത്ഥത്തിൽ അദ്ദേഹം ഒരു ദിവ്യ കർമ്മത്തിൽ അതായത് പാരീസിലെ മോന്ത്മാർത്തോർ ദേവാലയത്തിൻെറ പ്രതിഷ്ഠയിൽ സംബന്ധിക്കുന്നതിന്നായിട്ടാണ് നിയുക്തനായത്. ആ സന്ദർഭത്തിൽ അദ്ദേഹത്തെക്കൂടാതെ ഇംഗ്ലണ്ടിലെ ബോൺ കർദിനാൾ മെത്രാപ്പോലീത്തായും ൧൦ മെത്രാപ്പോലീത്താമാരും മെത്രാന്മാരും പരീസിൽ എത്തിയിട്ടുണ്ടായിരുന്നു എന്നു പറഞ്ഞാൽ അതെത്ര മഹനീയമായ ഒന്നായിരുന്നുവെന്നു വിശേഷിച്ചു പറയേണ്ടതല്ലൊ. വത്തിക്കാനും ഫ്രഞ്ചു ഗവമ്മേണ്ടും തമ്മിലുള്ള രാഷ്ട്രീയ ബന്ധത്തെ പുതുക്കുന്ന കാര്യത്തെപ്പററി ഫ്രാൻസിലെ വല്ല പ്രമാണികളോടും വിക്കൊ കർദിനാൾ സംഗതിവശാൽ സംസാരിച്ചിരിക്കാമെന്നല്ലാതെ അത് അദ്ദേഹത്തിൻെറ നിയുക്തോദ്ദേശ്യങ്ങളിൽ ഒന്നായിരുന്നില്ല. വത്തിക്കാനോടുള്ള മൈത്രീദാമത്തെ അറുത്തുകളഞ്ഞതു ഫ്രഞ്ചു ഗവമ്മേണ്ടാകയാൽ അതിനെ ഇഴച്ചുകെട്ടേണ്ടതിന്നുള്ള ആദ്യശ്രമവും ആ ഗവമ്മേണ്ടു തന്നെ തുടങ്ങേണ്ടതാണല്ലൊ.

* * *

കാൾസ്ഡ് കർമ്മലീത്താ സഭയുടെ ജെനറലായി വ. ദിവ്യശ്രീ ഫാദർ മഗേന്നീസിനെയാണ് ആ സഭക്കാർ തെരഞ്ഞെടുത്തിരിക്കുന്നതു്. ഐർലണ്ടിലെ വൈദികന്മാരും ജനങ്ങളുമൊരുമിച്ചു ബ്രിട്ടീഷ് ഗവമ്മേണ്ടിൻെറ ഭരണത്തിൽനിന്നു മാറി സ്വയംഭരണം ഏപ്പെടുത്തുവാൻ വലിയ ശ്രമം ചെയ്തുവരികയാണല്ലൊ. ആ വിഷയത്തിൽ ഐറീഷ് ജനങ്ങളോട്ട് അനുഭാവമുള്ള ഒരു വൈദികനു ഇത്ര വലിയ അധികാരം സിദ്ധിക്കുന്നതിൽ ബ്രിട്ടീഷ് ഗവമ്മേണ്ടിന്നു തൃപ്തിയില്ലെന്നും വത്തിക്കാനിലെ ബ്രിട്ടീഷ് പ്രതിനിധിയായ കൌണ്ട് സാലീസ് അതിനെപ്പററി സംസാരിക്കയുണ്ടായെന്നും ഒരു ശ്രുതി പരന്നിരിക്കുന്നു.

* * *

ജാപ്പാൻ ഗവമ്മേണ്ടിൻെറ പ്രതിനിധിയായി വത്തിക്കാൻ അരമനയിൽ ചെന്നിരുന്ന കമാണ്ടൻറ് യമമോത്തൊ അവർകൾ യാത്രപറയാനായി പരിശുദ്ധ പിതാവിനെ മുഖം കാണിച്ചതു ഈ ആഴ്ചയിലാണ്. കത്തോലിക്കാ മിഷ്യനറിമാരോടും കത്തോലിക്കരോടും ജപ്പാൻ ഗവമ്മേണ്ടു പ്രദർശിപ്പിച്ചു വരുന്ന അനുഭാവങ്ങളെക്കുറിച്ചു തിരുമനസ്സിലേക്കുള്ള കൃതജ്ഞതയേയും സന്തോഷത്തേയും കുറിച്ചു അവിടുന്നു പ്രസ്താവിച്ചതിൻെറശേഷം സെൻറ് ഗ്രിഗറിയുടെ ഗ്രാൻറ് ക്രോസ്സ് എന്ന സ്ഥാനമുദ്ര ജപ്പാൻ പ്രതിനിധിക്കു പ്രദാനം ചെയ്കയുണ്ടായി.

* * *

പള്ളിക്കൂടവും തിരുഹൃദയ പ്രതിഷ്ഠയും.

മുത്തോലി സെൻറ് ജോർജ്ജ് ഹൈയർ ഗ്രേഡ് വെർനാക്കുലർ സ്കൂൾ, കഴിഞ്ഞ ഞായറാഴ്ച പകൽ ൧൧ മണിക്ക് സാഘോഷം ടി. പള്ളിയിൽനിന്നും അതിവിശേഷമായ പ്രതിഷ്ഠാരൂപം എഴുന്നള്ളിച്ചു സ്കൂളിൽ സവിശേഷം അലങ്കരിച്ചിരുന്ന പീഠത്തിന്മേൽ ടി. സ്കൂൾ മാനേജർ റവ. ഫാദർ തോമ്മസ് മുറിഞ്ഞകല്ലേൽ അവർകൾ, റവ. ഫാദർ ചാണ്ടി ചാവേലിയേൽ, റവ. ഫാദർ അബ്രാഹം മുണ്ടിയാനി എന്നിവരുടെ സഹകരണത്തോടുകൂടി പ്രതിഷ്ഠാകർമ്മങ്ങൾ നടത്തി സ്ഥാപിക്കയും ചെയ്തു.

## ചരമവാർത്തകൾ

ഭരണങ്ങാനം കന്യകാമഠത്തിലെ ഒരംഗമായ റവ. സിസ്ററർ അനസ്റ്റാസ്യാ എന്ന പുതുക്കന്യക കഴിഞ്ഞ ഡിസംബർ ൧൭-ാംനു- ഉച്ചകഴിഞ്ഞു നാലുമണിക്കു അന്ത്യക്രൂദാശകളൊക്കെയും സുബോധത്തോടെ കൈക്കൊണ്ട് കർത്താവിൽ മരണംപ്രാപിച്ചു. പിറേറന്നാൾ പല വൈദികരുടേയും പല മഠങ്ങളിൽനിന്നുവന്ന കന്യകകളുടേയും അ

നവധി അൎമേനികളുടേയും സാന്നിദ്ധ്യത്തോ ...ടി വളരെ ആഘോഷമായി ഭരണ ... വലിയപള്ളിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

തണ്ണീർമുക്കം പുന്നശ്ശേരിൽ ആയ പുത്തൻതറയിൽ ചെറിയാൻ വക്കി എന്നയാൾ തുലാമാസം ൨൧-നു വ്യാഴാഴ്ച രാത്രിയിൽ അന്തിമക്രൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു തന്റെ ൭൭-ാമത്തെ വയസ്സിൽ പരലോകപ്രാപ്തനായിരിക്കുന്നു.

കുമരകം പള്ളിഇടവക മണ്ണൂപ്പറമ്പിൽ ശ്രീമതി മറിയം എന്ന യുവതി കഴിഞ്ഞ മാസം ൨൧-ാംനു ഉദര വ്യാധിയാൽ തന്റെ ൩൩-ാമത്തെ വയസ്സിൽ കൎത്താവിൽ നിദ്ര പ്രാപിച്ചു.

കുടമാളൂർപള്ളി ഇടവക മുക്കേൽ പോത്തൻ അവർകൾ അന്ത്യ ക്രൂദാശകളൊക്കെയും കൈക്കൊണ്ട് ഡിസംബർ ൨൧-ാംനും കൈപ്പുഴപ്പള്ളി ഇടവക തറയിൽ (മാറമംഗലത്തു) ചാക്കോ അവർകൾ അന്ത്യ കൎമ്മങ്ങളൊക്കയും ഉൾക്കൊണ്ടു ൨൨-ാം തീയതിയും പരലോകപ്രാപ്തരായിരിക്കുന്നു.

ഇവരുടെ ആത്മാനുക്രൂലാൎത്ഥം വിശ്വാസികൾ പ്രാൎത്ഥിപ്പാറാകണം.

---

# നോട്ടീസ്.

കുസുമം പരിഷ്കരിച്ചു പ്രസിദ്ധംചെയ്തുതുടങ്ങിയിട്ട് ഇപ്പോൾ ഒരു കൊല്ലം പൂൎത്തിയായിരിക്കുന്നുവല്ലൊ. ആണ്ടിൽ ഒരു രൂപാമാത്രം വേണ്ടിവരുന്ന തുഛമായ വരിസംഖ്യ അടച്ചുതീൎത്തിട്ടില്ലാത്തതായ മാന്യവരിക്കാർ ഇനിയും ഞങ്ങൾക്കുണ്ടെന്നു പറയേണ്ടതായിട്ടാണിരിക്കുന്നതു്. വരിപ്പണം ഇതേവരെ മുഴുവനായി അടച്ചുതീൎത്തിട്ടില്ലാത്ത വരിക്കാർ അവരവരടയ്ക്കുവാനുള്ള സംഖ്യ ഉടനെതന്നെ അയച്ചുതന്നു് ഞങ്ങളെ പൂൎവ്വാധികം പ്രോത്സാഹിപ്പിക്കുമെന്നു ദൃഢമായ വിശ്വാസമുണ്ട്. മണിഓർഡറായി പണമയച്ചുതരുന്നതിനു സൌകൎയ്യമില്ലാത്തവർ വിവരം ഇവിടെ അറിയിക്കുന്നതായാൽ അടുത്തലക്കം മാസിക ഞങ്ങളുടെ ചിലവിൽ വി പി. ആയി അയക്കുന്നതിനും വിരോധമില്ല. വരിപ്പണം കുടിശ്ശികയിടുന്ന മാന്യവരിക്കാൎക്കു മേലാൽ മാസിക അയച്ചുകൊടുത്തു കുടിശ്ശികസംഖ്യ വൎദ്ധിപ്പിക്കുന്നതിനു ഞങ്ങൾക്കു വൈമനസ്യമാണുള്ളതു്.

---

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം .ച .൭ .ചാംചീ ഗ്ദദ് എപ്പകത്തി ൧൦.

## ൧൯൨൦ ജനുവരി – ൧൦൯൫ ധനു – മകരം.

| | | | | | |
|---|---|---|---|---|---|
| 1 | 17 | വ്യാ | ✠ ന. കൎത്താവിന്റെ ഛേദനാചാരം ന. കു. വെ. ചേപ്പുങ്കൽ, രാമപുരം, കോസനല്ലൂർ, വടയാർ, അമ്പഴക്കാട്ടുകൊവേന്ത, കമ്മല കൊവേന്ത, പുന്നത്തുറ, കോതമംഗലം, എടമററം ഈ പള്ളികളിൽ പ്രധാന തിരുനാൾ. | വെ. | ൧൭ |
| 2 | 18 | വെ | വി. എസ്തപ്പാനോസ്. എട്ടാ. ന. ആ. കു വെ. | ച്യ. | ൧൮ |
| 3 | 19 | ശ | വി. യോഹന്നാൻ ഏവ. എട്ടാ. ന. ആ. കു വെ. ചെമ്പിൽ വിശുദ്ധ സെബസ്ത്യാനോസ്. തിരുനാൾ. | വെ. | ൧൯ |
| 4 | 20 | ഞാ | ✠ വി കുഞ്ഞിപ്പൈതങ്ങൾ. എട്ടാ. ന. ആ. കു. വെ. ☞ ചൊവ്വാ തിരുനാൾക്കടാ പള്ളിയിൽ അറിയിക്കണം. | ച്യ. | .൦ ാ൨ |

| | | | | | |
|---|---|---|---|---|---|
| 5 ⊕ | 21 | തി | ന. ക. ദെനഹാ. തലേ. ന. ആ. കു. തലേ. | വെ. | 2 |
| 6 | 22 | ചൊ | ✠ ന. ക. ദെനഹാ. ന. കു. വെ. | വെ | 2 |
| | | | പാലാ, മുട്ടുചിറ, പുളിംകുന്ന്, എഴപുന്ന, മണിമല, മൂവാ റ്റുപുഴ, കുമരകം നവനസ്രസ്, പാറമ്പുഴ ഈ പള്ളികളിൽ പ്രധാന (രാക്കുളി) തിരുനാൾ. | | |
| 7 | 23 | ബു | എം. ന. ആ. കു. വെ. ... ... ... | വെ. | 2 |
| 8 | 24 | വ്യാ | എം. ന. ആ. കു. വെ. ... ... ... | വെ. | 2 |
| 9 | 25 | വെ | എം. ന. ആ. കു. വെ. ... ... ... | വെ. | [illegible]2 |
| 10 | 26 | ശ | എം. ന. ആ. കു. വെ. ... ... ... | വെ. | 2 |
| 11 | 27 | ഞാ | ✠ ദെനഹാ; ൩ാം ഇടഞാ. ന. കു ആ. [illegible] വെ. . 2 . [illegible] | | [illegible] |
| | | | നരിവേലി. വി. സെബസ്ത്യാനോസ്, പ്രധാനതിരുനാൾ. | | |
| 12 | 28 | തി | എം. ന. ആ. കു. വെ. ... ... ... | വെ. | [illegible] |
| 13 | 29 | ചൊ | ദനഹാ. എട്ടാ. ന. ആ. കു. ... ... | വെ. | [illegible] |
| 14 | 1 | ബു | വി. മൗ. അ. ഹില്ലാറിസ് ന. ആ. കു. വെ. | വെ. | [illegible] |
| 15 | 2 | വ്യാ | വി. ആദ്യവനവാസി മൗ. പൗലോസ് ന. ആ. കു. വെ. | വെ. | [illegible] |
| 16 | 3 | വെ | വി. പാ. വേദ. മർസേലീസു. ന. ആ. കു. വെ. | ചു. | [illegible] |
| | | | കടനാട്ട് വി. സെബസ്ത്യാനോസ്. പ്രധാന തിരുനാൾ. | | |
| 17 | 4 | ശ | വി. മൗ. ആബാ. അന്തോനീസ്. ന. ആ. കു. വെ. | വെ. | [illegible] |
| 18 | 5 | ഞാ | ✠ ദെന. ൨ഞാ. († ഈശോ. തിരുനാ ) ന. കു ആ. വ | [illegible] | [illegible] |
| | | | കാഞ്ഞിരത്താനം വി. സെബസ്ത്യാ. പ്രധാന തിരുനാൾ. | | |
| 19 | 6 | തി | † വി. വേദ. കന്യൂത്തോസ്. ന. ആ. കു. വെ. | ചു. | [illegible] |
| 20 | 7 | ചൊ | വി. വേദ. സെബസ്ത്യാനോസും കൂട്ട ന. ആ. കു. വെ. | ചു. | [illegible] |
| | | | അറത്തുങ്കൽ, കള്ളിക്കാട്ടു (അഴീക്കൽ), ചിറക്കടവു, കുറവില ങ്ങാട്ടു ഈ പള്ളികളിൽ വി. സെബ. പ്രധാന തിരുനാൾ. | | |
| 21 ◉ | 8 | ബു | വി. ക. വേദ. അഗ്നേസ്. ന. ആ. കു. വെ. | ചു. | [illegible] |
| 22 | 9 | വ്യാ | വി. വേദ. വിഞ്ചെൻസ്. ന. ആ. കു. വെ. | ചു. | [illegible] |
| 23 | 10 | വെ | † എ. ഭാ. ക. മറിയത്തിൻെറ വിവാ. ന കു. വെ. | വെ. | [illegible] |
| | | | ചങ്ങനാശേരി വി. സെബസ്ത്യാ. പ്രധാന തിരുനാൾ. | | |
| 24 | 11 | ശ | വി. വേദ. തിമാത്തേഒസ്. ന. ആ. കു. വെ. | ചു. | [illegible] |
| | | | ഇന്ന് എ. ഭാ. ക. മറിയ. ശുദ്ധീകര നവനാൾ തുടങ്ങുന്നു. | | |
| 25 | 12 | ഞാ | ✠ ദന. ന. ഞാ. († തിരുക്കുട. വെ.) ന. കു. ആ. വ. | [illegible] | 2 |
| | | | ☞ മൂന്നുനോമ്പു (ഇ. വി. ) പള്ളിയിൽ അറിയിക്കണം. | | |
| | | | അതിരമ്പുഴ, വേലൂർ, ഈ പള്ളികളിൽ വി. സെബസ്ത്യാ. പ്രധാന തിരുനാൾ. | | |
| 26 | 13 | തി | മൂന്നുനോമ്പു (വേദ. പൊലിക്കാ.) ന. കു. ആ. (ഇ. വി.) | റോ. | 2 |
| 27 | 14 | ചൊ | മൂന്നുനോമ്പു (യോഹ ക്രിസോ.) ന. കു. വെ. (ഇ. വി ) | റോ. | 2 |
| | | | കുറവിലങ്ങാട്ടുപള്ളിയിൽ പ്രധാന തിരുനാൾ. | | |
| 28 | 15 | ബു | മൂന്നുനോ. (അ. മ. മൗ. ക്ലൂറില്ലോസ്) ന. കു. ആ. (ഇ. വി. ) | റോ. | 2 |
| | | | കട്ടുത്തുരുത്തി വലിയപള്ളിയിൽ പ്രധാന തിരുനാൾ. | | |
| | | | മുട്ടത്തുപള്ളിയിൽ ക. മറിയത്തിൻെറ ദശനത്തിരുനാൾ. | | |
| 29 | 16 | വ്യാ | † വി. അ. മ. മൗ. പ്രൻസീ. ദമിൻസാലേസ് ന ആ. കു. വെ. | വെ. | 2 |
| 30 | 17 | വെ | † വി. ക. വേദ. മത്തീനാ. ന. ആ. കു. വെ. | ചു. | [illegible]2 |
| 31 | 18 | ശ | † വി. പത്രോസ് നൊലാസ്ക്കോ. ന. ആ. കു. വെ. | വെ. | 2 |

Printed and Published for the Proprietor, by P. K. Joseph at
St. Joseph's Press, Mannanam. 1919.

## ഗുണം ഇല്ലെന്നു കണ്ടാൽ വില മടക്കിത്തരാം!

## രണ്ടു സിദ്ധൌഷധങ്ങൾ!!

**ദന്തവേദനാഹരം—** ഇതു എല്ലാത്തരം പല്ലുവേദനയേയും, പല്ലിളക്കം, രക്തംവരവു്, ഊൻവീക്കം, പൽക്കൂച്ചൽ, കൃമിദന്തം, വായ്പുണ്ണ്, വായ്നാററം മുതലായ രോഗങ്ങളെ എത്ര കഠിനമായതായാലും ഉടനെ സുഖപ്പെടുത്തും. വില കുപ്പി ഒന്നു 8 ണ. ഒരു ഡസന്നു് വില 4 ക. 8 ണ.

**കഷണ്ടിനാശകം—** വ്യാധിയാലോ, വ്രണങ്ങളാലോ മററോ രോമങ്ങൾ ഇല്ലാതായുള്ള കഷണ്ടിത്തലയിൽ മൃദുരോമങ്ങളെ ധാരാളം മുളപ്പിച്ചു വളർത്തുന്ന ദിവ്യൌഷധം. കുപ്പി ഒന്നു വില 10 ണ. ഒരു ഡസന്നു വില 5 ക. 8 ണ. വി. പി. ചെലവു പുറമേ. ഉടനെ എഴുതുക.

## ലോകപ്രസിദ്ധമായ സർവ്വരോഗസംഹാരി!

### "യൂക്കാലിപ്ട്സ് തൈലം."

ഈ തൈലം കൊണ്ടു് ഇരുപതിൽ കൂടുതൽ മഹാരോഗങ്ങളെ എത്രയും ക്ഷണത്തിൽ സുഖപ്പെടുത്താൻ ഫലപ്രദമായ മരുന്നും, ഉപയോഗിക്കേണ്ടും ക്രമവും ആവശ്യക്കാർക്കു അയച്ചുകൊടുക്കുന്നതാണു്. പല മഹാന്മാരും ഈ തൈലത്തെ പരിശോധിക്കയും സർട്ടിഫിക്കേററുകൾ നൽകുകയും ചെയ്തിട്ടുണ്ടു്. വില കുപ്പികളുടെ വലിപ്പച്ചെറുപ്പം അനുസരിച്ചു് ൪ ണ. ൬ ണ. ൮ ണ.

പി. എ. എം. കുഞ്ഞു്,
ഏജൻറ്, ചവറ. (തിരുവിതാംകൂർ)

---

## അമൃതപ്രാശഘൃതം. (രസായനം.)

(ആട്ടിൻ സത്തു ചേർത്തുണ്ടാക്കിയതു്.)

ഇതു് മനുഷ്യർക്കു അമൃതിനോടു തുല്യമാണു്. കാസശ്വാസം, ബലക്ഷയം, ഏക്കം, നെഞ്ചുവേദന, ക്ഷയം, വയറുകാളൽ, ആലസ്യം, ബോധക്ഷയം, തലചുററൽ, അസ്ഥിസ്രാവം, മൂത്രംചുടു മുതലായ എല്ലാ രോഗങ്ങളേയും മാററി ദേഹാരോഗ്യത്തെ നിലനിറുത്തുന്ന ഒരു കൈകണ്ട സിദ്ധൌഷധമാണിതു്. വലിയ പത്ഥ്യമില്ലാത്തതും വളരെ സ്വാദുള്ളതും ആണു്. റാത്തൽ ഒന്നുക്കു 2 ക. 8 ണ. കസ്തൂര്യാദി വായുഗുളിക ഒന്നു 1 ക. രോഗവിവരം അറിയിച്ചാൽ തക്കതായ ഔഷധങ്ങൾ അയച്ചുകൊടുക്കും. ബ്രി. തപാൽവഴിക്കു വി. പി. ആയി ആവശ്യപ്പെടുക.

ഇ. പി. ജോസെഫ് വൈദ്യൻ,
ആയുർവ്വേദ വൈദ്യശാല,
P. O. മുല്ലശ്ശേരി. S. മലബാർ.

Regi: No. M. 365. Registered No. T. 2


# വില്പാൻ തയ്യാർ.

കുടുംബപ്രതിഷ്ഠയ്ക്കു് ഉപകരിക്കുന്ന, മണ്ണുകൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ളതും മനോഹരവുമായ, തിരുഹൃദയരൂപങ്ങൾ വില്പാനുണ്ടു്. ആവശ്യക്കാർ ആപ്പീസിൽ വന്നു വാങ്ങിച്ചുകൊള്ളണം. വിലവിവരവും അളവും താഴെ കാണിക്കുന്നു.

| | രൂ. | ണ. | പൈ. | | രൂ. | ണ. | പൈ. |
|---|---|---|---|---|---|---|---|
| 19 ഇഞ്ചു gilt . | 8 | 0 | 0 | 13 ഇഞ്ചു gilt . | 3 | 12 | 0 |
| 19 " . . | 7 | 8 | 0 | 12 " . . | 2 | 8 | 0 |
| 16 " . . | 6 | 8 | 0 | 9 " . . | 1 | 8 | 0 |

ഇതു കൂടാതെയും പല തരത്തിലുള്ള രൂപങ്ങൾ താമസിയാതെ വന്നുചേരുന്നു്.

സൂപ്രണ്ടു് സെൻറു് ജോസഫ് പ്രസ്സ്
മാന്നാനം.

---

വ്യാജ നിർമ്മിതങ്ങൾ ഉള്ളതുകൊണ്ടു പ്രത്യേകം നോക്കി “ഏബ്രഹാം വൈദ്യൻെറ” എന്ന പേർ ഉള്ളതു വാങ്ങണം.

# ഗർഭരക്ഷാഗുളിക.

## സ്ത്രീലോകത്താൽ ആദരിക്കപ്പെട്ട ഒരു സിദ്ധൌഷധം.

### ഇരുപതാം നൂററാണ്ടിലെ ഒരനുഗ്രഹം.

ഗർഭിണികളുടെ നാനാവിധ അസ്വാസ്ഥ്യങ്ങൾക്കും ശീഘ്രവും സുഖകരവുമായ പ്രസവത്തിനും ശിശുവിൻെറ ആരോഗ്യരക്ഷയ്ക്കും ഒരനുഗ്രഹമെന്നു പാശ്ചാത്യ ഡാക്ടറന്മാരാലും പൌരസ്ത്യ വൈദ്യ ശിരോമണികളാലും മററു മഹാന്മാരാലും, അനുഭവത്താൽ സമ്മതിക്കപ്പെട്ട ഏബ്രഹാം വൈദ്യൻെറ ഈ ഗുളികകൾ ഉള്ളപ്പോൾ മഹിളകൾ എന്തിനു ദുഃഖിക്കുന്നു?

മററു കടകളിലുള്ള അനുകരണ ഗുളികകളാൽ വഞ്ചിക്കപ്പെടാതെ സർവ്വത്ര അനർഘതയും കീർത്തിമത്തുമായ ഏബ്രഹാം വൈദ്യൻെറ ഗർഭരക്ഷാഗുളികകൾ വാങ്ങി പ്രസവത്തെ ലാഘവപ്പെടുത്തുന്ന പ്രശസ്തഗുണമനുഭവിപ്പിൻ!!

ഗുളികയുടെ സീമാതീതമായ ഫലത്തെപ്പററി അനുഭവത്താൽ പ്രശംസിച്ച സംസ്ഥാനത്തിലെ ഏററവും പ്രധാനപ്പെട്ട ചില മിസ്സുകളുടെയും മഹാന്മാരുടെയും പേരുകൾ പുതിതമായി ഗുളിക വാങ്ങുന്നവരുടെ തൃപ്തിക്കായി താഴെ ചേർത്തുകൊള്ളുന്നു.

മിസ്സസ് ലൂക്കാസ്, (ഡാക്ടർ മേരി പുന്നൻ ലൂക്കാസ് ബി. ഏ; എം. ബി. ബി. എസ്സ്. ലണ്ടൻ. എൻ. എം. റെട്ടണ്ടാ, ലേഡി സർജൻ തിരുവിതാംകൂർ.) ഡാക്ടർ എസ്. വെങ്കിട്ടസ്വാമിനായിഡു, സർജൻ, ബ്രഹ്മശ്രീ വയസ്കര അയ്യൻ നാരായണൻ മൂസ്; ഡാക്ടർ എസ്. രാമസ്വാമി അയ്യർ ബി. ഏ. എം. ബി. സി. എം., ഡാക്ടർ കെ. സി കയ്യൻ ബി. ഏ. എം. ബി. സി. എം., സി. അന്തപ്പായി അവർകൾ ബി. ഏ., കെ. സി. മാമ്മൻമാപ്പിള അവർകൾ ബി. ഏ. മനോരമപത്രാധിപർ. ഒരു മാസത്തേക്കു ഗുളിക ക ൧൦. ൩ മാസത്തേക്കു ക. ൨.

“മിസ്റ്റർ ഏബ്രഹാം വൈദ്യൻെറ ഗർഭരക്ഷാഗുളികയുടെ അത്ഭുതകരമായ ഫലപ്രാപ്തിയിൽ അഭിനന്ദിച്ചുകൊണ്ടു ഡാക്ടറന്മാർ, ആയുർവൈദ്യന്മാർ, വൈദികന്മാർ, അമ്പുരാക്കന്മാർ, ലേഡി ഡാക്ടറന്മാർ ആദിയായി അനുഭവസ്ഥന്മാരായ അനവധി മാന്യന്മാരുടെയും മഹതികളുടെയും ഒട്ടുവളരെ ഇംഗ്ലീഷ് മലയാള വർത്തമാനപ്പത്രങ്ങളുടെയും പ്രശംസ്സ പാത്രീഭവിച്ചിരിക്കുന്നു.”

“മലയാളമനോരമ.”

വൈദ്യൻ ഇ. ഡബ്ളിയു. ഏബ്രഹാം മെഡിക്കൽഹാൾ,
കൊട്ടാരപ്പാലത്തിനുസമീപം, ആലപ്പുഴ.